# മലങ്കരസഭ

മാർച്ച് 2000



"ഇതാ ഞാൻ കർത്താവിന്റെ ദാസി"

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



K.G. George, Rachel George
Biji. K. George, Giji K. George
Thomas Abraham
Swapna George, Bindu Elizabeth Cherian,
& Liji Annie Thomas

PLANO, TEXAS, U.S.A

# മലങ്കരസഭ

ദേവലോകം കോട്ടയം–686 038
ലക്കം: 3 പുസ്തകം 56
മാർച്ച് 2000



PATRON SAINT

**പത്രാധിപസമിതി**

*പ്രസിഡന്റ്*
ഫീലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473–322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488–523001

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481–568046

*അംഗങ്ങൾ*
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
ഡോ. സാമുവേൽ ചന്ദനപ്പള്ളി
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

*മാനേജർ*
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481–578234

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0473–360421(Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
ഒ.ജി. തരകൻ

*ബിസിനസ്സ് മാനേജർ*
ഡീക്കൻ. ഷൈജു കുര്യൻ

*ഡി.റ്റി.പി.*
എം.എസ്. ഗ്രാഫിക്സ്, ദേവലോകം



## ഉൾത്തുടിപ്പുകൾ

എഡിറ്റോറിയൽ

4 പരിശീലന പദ്ധതി
ഫാ. ഡോ. ജേക്കബ് കുര്യൻ
5 മഹാപുരോഹിത സന്ദേശം
30 കല്പന

ആനുകാലികം

7 കടുത്ത നടപടികളുമായി.....
26 ഭ്രാന്തുപിടിച്ചതാർക്ക്
18 വെള്ളത്തിന്റെ ഒഴുക്ക്.....

ലേഖനങ്ങൾ

8 നോമ്പും ഉപവാസവും.....
ഡി. എം.ഡി. വറുഗീസ്
17 ശുശ്രൂഷകരുടെ സ്ഥാനം......
ജോൺസൺ സി. ജോൺ
21 നമ്മുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ
എം.സി. നൈനാൻ ഇലഞ്ഞിമറ്റം
28 കറുത്ത ലോകത്തിലെ പ്രകാശചിന്തകൾ
ഫാ. ഡോ. ഒ. തോമസ്
31 അത്ഭുത രോഗശാന്തി
മേരിഭവനം യോഹന്നാൻ

കാർട്ടൂൺ

32 ആനുകാലികം
ഡീക്കൺ കോശി വൈദ്യൻ

വാർത്തകൾ

19, 20, 27, 33,
34 സൺഡേസ്കൂൾ വാർത്തകൾ

## എഡിറ്റോറിയൽ

# സാമൂഹ്യസേവകർക്കുവേണ്ടി ഒരു പരിശീലന പദ്ധതി

ഫാ. ഡോ. ജേക്കബ് കുര്യൻ

ജർമ്മനിയിൽ നിന്ന് മലങ്കരസഭ സന്ദർശിക്കാനെത്തിയ ഒരു പ്രൊട്ടസ്റ്റന്റ് ഡീക്കനെസ് (ശെമ്മാശിനി)ചോദിച്ചരണ്ടുചോദ്യങ്ങൾ മലങ്കരസഭ മുഴുവനും അറിയുന്നതു നല്ലതാണെന്നു തോന്നുന്നു.

(1) മലങ്കരസഭയിലെ ആശ്രമങ്ങളും കോൺവന്റുകളും അവയുടെ ജീവിതവിളിയുടെ അനിഷേധ്യഘടകമായി സാമൂഹ്യസേവനത്തെ (ഡയക്കോണിയ) ഉൾക്കൊണ്ടിട്ടുണ്ടോ?

(2) സഭയ്ക്കിന്ന് ഉള്ള സാമൂഹ്യസേവനസംരംഭങ്ങളുടെ ഭേദപ്പെട്ട പ്രവർത്തനത്തിനായി സാമൂഹ്യസേവകർക്കായിട്ട് എന്തെങ്കിലും പരിശീലനപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

സന്യാസ പ്രസ്ഥാനങ്ങളിലേക്ക് ഇന്ന് നാമമാത്രമായ വിളിയേ (വൊക്കേഷൻ) ഉള്ളുവെന്നും, സന്യാസ പ്രസ്ഥാനങ്ങൾ പ്രഥമമായും പ്രാർത്ഥിക്കുവാനാണ് നിലനിൽക്കുന്നതെന്നും, പിന്നെ അത്യാവശ്യ സാമൂഹ്യസേവനമായി അധ്യാപനവും ആതുരശുശ്രൂഷയും (അതിൽ കൂടി ജീവിതാവശ്യങ്ങൾക്കുള്ള വക തേടിക്കൊണ്ടാണെങ്കിലും) നടത്തുന്നുവെന്നും പറഞ്ഞിട്ടു കാതറിൻ എന്ന ഡീക്കനെസ് പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു, ഇത്ര പുരാതനമായ ഒരു സഭയ്ക്ക് ദരിദ്രരാഷ്ട്രമായ ഭാരതത്തിൽ കൂടുതൽ സാമൂഹ്യസേവനത്തിന് ചുമതല ഇല്ലേ അങ്ങനെയുള്ള പ്രവർത്തനങ്ങൾ സന്യാസപ്രസ്ഥാനങ്ങൾ ഏറ്റെടുത്താൽ കൂടുതൽ വിളി (വൊക്കേഷൻ) സ്വീകരിക്കുന്നവരുണ്ടാവുകയില്ലേ വ്യക്തമായ ഒരുത്തരം കൊടുക്കുവാൻ അയോഗ്യത ബോധ്യപ്പെട്ടതിനാൽ, മുകളിൽപ്പറഞ്ഞ രണ്ടാമത്തെ ചോദ്യത്തിന്റെ പ്രസക്തിയിലേക്ക് ശ്രദ്ധതിരിക്കേണ്ടിവന്നു. ഇന്നു സഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പല സാമൂഹ്യ പ്രവർത്തനങ്ങൾക്കും, സമർപ്പിതരായ കുറേ പ്രവർത്തകരെങ്കിലും ഉണ്ട്. നല്ല ഒരു മനസും, കഷ്ടപ്പെടുവാനുള്ള സന്നദ്ധതയും കൈമുതലായ അവർക്ക് തങ്ങളുടെ മേഖലയിൽ കുറച്ചുകൂടി ശാസ്ത്രീയമായ പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ എന്ന് അവർ തന്നെ ആഗ്രഹിക്കുന്നുണ്ടാകും. ഉദാഹരണത്തിന്, വികലാംഗരുടെയിടയിൽ പ്രവർത്തിക്കുന്നവർക്ക്, മനഃശാസ്ത്രം, ആരോഗ്യപരിചരണം വികലാംഗരുടെ ബോധനം, വിനോദപരിപാടികൾ, കൗൺസലിങ്ങ് മുതലായവയിൽ അല്പം സാങ്കേതിക-ശാസ്ത്രീയ പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ എത്ര നന്നായേനെ.

ഓരോ വർഷത്തെയും സഭാദിനപ്പിരിവിൽ നിന്ന് ഇങ്ങനെയുള്ള ഏതെങ്കിലും പുതിയ കാൽവയ്പ്പുകൾക്കായി കാര്യമായ കൈത്താങ്ങലും, അതിനായി ആവശ്യമുള്ള ആസൂത്രണവും ഉണ്ടാകുന്നത് അഭികാമ്യം മാത്രമല്ല, അത്യാവശ്യവുമാണ്.

□





## മഹാപുരോഹിത സന്ദേശം

# നിങ്ങളുടെ ഇടയിൽനിന്നും പാപം നീക്കുവിൻ

സഹൃദയരും സഹോദരങ്ങളുമായ വായനക്കാരേ, മലങ്കര സഭാമാസികയുടെ കഴിഞ്ഞ ലക്കത്തിൽ നാം എഴുതിയിരുന്ന ആശയങ്ങൾ നിങ്ങൾ വായിച്ച് ഗ്രഹിച്ചുകാണുമല്ലോ? അതിൽ പ്രധാനമായിട്ട് നമ്മുടെ മനസ്സിൽ തോന്നിയ ഒരാശയം യോശുവ തന്റെ സ്വന്തം ജനമായ ഇസ്രായേലിനോട് ആജ്ഞാപിച്ച് ഒരു ദൈവിക കല്പനയായിരുന്നു, നിങ്ങൾ ഒരു പുതിയ വഴി നടക്കാൻ പോകുന്നു, നിങ്ങളെ തന്നെ വിശുദ്ധീകരിപ്പിൻ, യഹോവ നിങ്ങളുടെ ഇടയിൽ അത്ഭുതം പ്രവർത്തിക്കും, യഹോവയുടെ അത്ഭുതം ദർശിപ്പാൻ വിശുദ്ധീകരണമാണ് ഏക മാർഗ്ഗം. ഈ മാർഗ്ഗത്തിൽ ചരിയ്ക്കുന്നവർക്ക് യഹൂദനെന്നോ യവനനെന്നോ ഇല്ല. ആർക്കും തന്നെ എല്ലാവരുടെയും ദൈവമായ യഹോവയിൽ നിന്ന് അത്ഭുതങ്ങൾ കാണുവാനും പ്രാപിയ്ക്കുവാനും സാധിയ്ക്കും. എന്നാൽ ദൈവത്തിന്റെ പ്രത്യേക മക്കളായ വിശ്വാസികൾക്ക് അത് വളരെ വേഗത്തിൽ ലഭിയ്ക്കുമെന്നുള്ളത് വിസ്മരിക്കപ്പെടാത്ത ഒരു യാഥാർത്ഥ്യമാണ് സംശയ രഹിതമായ ഒരു സന്ദേശവുമാണിത്.

ഇന്ന് നിങ്ങളോടൊത്ത് പ്രർത്ഥനാപൂർവ്വം ചിന്തിയ്ക്കണമെന്ന് നാമാഗ്രഹിയ്ക്കുന്ന ശ്രദ്ധേയമായ വാക്യം യഹോവയായ ദൈവം യോശുവയോട് അരുളിചെയ്യുന്ന മറ്റൊരു ദൈവ സന്ദേശമാണ്. ആദ്യത്തേത് യോശുവാ ജനത്തോട് ദൈവനാമത്തിൽ അരുളിചെയ്തതായിരുന്നുവെങ്കിൽ ഇത് യഹോവ തന്നെ തന്റെ ജനത്തിന്റെ പ്രതിനിധിയായ യോശുവായോട് നേരിട്ട് അരുളി ചെയ്തതാണ്; 'ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല' (യോശുവാ 7: 12)

വേദപുസ്തകം, ചുരുക്കിപ്പറഞ്ഞാൽ ദൈവവും മനുഷ്യരുമായിട്ടുള്ള വ്യാപര വർണ്ണനയാണ് മേലുദ്ധരിച്ച വാക്യം. അരുളിചെയ്യുവാൻ യിസ്രായേലിൽ തന്നെ (ദൈവത്തിന്റെ മഹത്വം കണ്ടുകൊണ്ടിരുന്ന) ചില സംഭവ വികാസങ്ങൾ ഉളവായി നിങ്ങളുടെ സമയം അധികം അനർഹമായി ഉപയോഗിച്ച് ഭാരപ്പെടുത്തുവാൻ നാം ആഗ്രഹിയ്ക്കുന്നില്ല. എങ്കിലും ഒരു ചുരുങ്ങിയ വിവരണം ചേർക്കാതിരുന്നാൽ മേലുദ്ധരിച്ച ദൈവ വാക്യത്തോട് നീതി പുലർത്തുവാൻ കഴിയാതെ വരും. ഇസ്രായേൽ ജനത അത്ഭുതകരമായി കരയിലെന്നവണ്ണം നദിയുടെ നടുക്കുകൂടി വാഗ്ദത്ത നാട്ടിലേക്ക് പ്രവേശിച്ചു. യരിഹോ പട്ടണത്തിന് ചുറ്റും നടത്തിയ, ഇന്നത്തെ ഭാഷയിൽ പ്രസ്താവിച്ചാൽ, ഏഴ് ദിവസത്തെ റാസകൊണ്ട് ദൈവമഹത്വം വെളിപ്പെടുത്തി. എന്നാൽ താരതമ്യേന വളരെ ചെറുതായ ഒരു പട്ടണമായ ഹായിയിൽ യിസ്രയേൽ പരാജിതരായി 3 പേരുടെ ജീവനും നഷ്ടമായി യോശുവാ അതീവ അസഹിഷ്ണനും അതീവ ദുഃഖിതനുമായി തീർന്നു ജനവും വിഭ്രാന്തരായി. ജനത്തിന്റെ ഹൃദയം ഉരുകി വെള്ളം പോലെ ആയിതീർന്നു. യേശുവാ വസ്ത്രം കീറി. യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ അവനും യിസ്രായേൽ മൂപ്പൻമാരും തലയിൽ മണ്ണ് വാരിയിട്ടുകൊണ്ട് സന്ധ്യവരെ സാഷ്ടാംഗം വീണ് കിടന്നു. ഇപ്രകാരം അവർ യഹോവയോട് സങ്കടപ്പെട്ട് കൊണ്ടിരുന്നപ്പോൾ യഹോവ യോശുവായോട് അരുളി ചെയ്തത് ഇപ്രകാരം ആയിരുന്നു. യിസ്രായേൽ പാപം ചെയ്തിരിക്കുന്നു ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു. അവർ മോഷ്ടിച്ച് മറവ് ചെയ്ത് തങ്ങളുടെ സമാനങ്ങൾക്കിടയിൽ അത് വെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപഗ്രസ്ഥരായി തീർന്നതു കൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പ്പാൻ കഴിയാതെ പരാജിതരായി തീർന്നു. തുടർന്ന് യഹോവ സംസാരിക്കുന്നതാണ് മേൽ ഉദ്ധരിച്ച ദിവ്യ സന്ദേശം അതാണ് നമ്മുടെ ചിന്താവിഷയം.

ഇവിടെ പല കാര്യങ്ങൾ വ്യക്തമാണ്. യിസ്രയേൽ ദൈവത്തിന്റെ വിശുദ്ധജനമാണ്. അതിൽ യാതൊരു അശുദ്ധിയും വന്ന് ചേരുന്നത് യഹോവയ്ക്ക് മറവായിരിക്കുന്നില്ല. അത് തനിക്ക് ഇഷ്ടവുമല്ല, യോജിച്ചതുമല്ല. മാത്രവുമല്ല അത് ജനത്തെ ബലഹീനമാക്കുന്നു. പൈശാചികം വിശുദ്ധ ജനത്തിൽ നടമാടുന്നു. അവർ അന്യരുടെ മുമ്പിൽ പരാജയപ്പെട്ടു. മാത്രമല്ല അന്യർക്ക് അടിമകളാവുകയും ചെയ്തു. യോശുവാ ഇത് ശ്രവിച്ച മാത്രയിൽ തന്നെ ഉത്തമനായ ഒരു നേതാവ് എന്ന നിലയിൽ പരിഹാരത്തിന് അടിയന്തിരമായി ശ്രമമാരംഭിച്ചു. ജനത്തെ തന്റെ മുമ്പാകെ വരുത്തി യഹൂദ ഗോത്രത്തിൽ സേരഹിന്റെ മകനായ സബ്ദിയുടെ മകനായ കർമ്മിയുടെ മകൻ ആഖാൻ പിടിക്കപ്പെട്ടു. ആഖാൻ യോശുവായോട് ഞാൻ യിസ്രയേലിന്റെ ദൈവമായ യഹോവയോട് പിഴച്ചു, ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോൺ മേലങ്കിയും 200 ശേക്കൽ വെള്ളിയും 9 ശേക്കൽ തൂക്കമുള്ള ഒരു പൊൻ കട്ടിയും കണ്ട് മോഹിച്ച് എടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. യോശുവാ അവനെയും അവന്റെ സകലത്തെയും അവന്റെ കുടുംബത്തെയും ആഹോർ താഴ്വരയിൽ കൊണ്ട് പോയി. അവരെശിക്ഷിച്ച് വധിച്ച് യിസ്രായേലിന്റെ ശാപം നീക്കി.

സ്നേഹിതരെ, ഇതിൽ നിന്നും വളരെ കാര്യങ്ങൾ ആത്മീയമായി കണേണ്ടതുണ്ട്. ദൈവത്തിന്റെ ജനം കർത്താവിന് വിശുദ്ധരായിരിക്കുന്നത് പോലെ ദൈവത്തിന്റെ സഭയും ദൈവത്തിന്റെ സന്നിധിയിൽ വിശുദ്ധരായിരിക്കണം. അതിന്റെ അംഗങ്ങൾ എല്ലാം വിശുദ്ധരായിരിക്കണം. ഒരു ആഖാനും അതിൽ ഉണ്ടായിരിക്കരുത്. ആഖാൻ ഒരുവനെ തെറ്റ് ചെയ്തുള്ളൂ, യിസ്രായേൽ മുഴുവനും പരാജിതരായി. ഒരുവനെ പിഴച്ചുള്ളൂ, ദൈവത്തിന്റെ ജനമായ എല്ലാവരും ശിക്ഷിക്കപ്പെട്ടു. ഇത് തന്നെയാണ് പൗലോസ് ശ്ലീഹാ കല്പ്പിക്കുന്ന പ്രകാരം ആദാമും ഹവ്വായും പാപം ചെയ്തു അവരും ജനമെല്ലാം മരണത്തിന് വിധേയരായി. യോനാ മാത്രമെ യഹോവയുടെ നിർദ്ദേശത്തിൽ നിന്ന് വഴുതി തർശ്ശീസിലേക്ക് പോയുള്ളു. എന്നാൽ എത്രപേർ അവൻ മുഖാന്തിരം കഷ്ടപ്പെട്ടു, അവരുടെ എത്ര മാത്രം സാധനങ്ങൾ നഷ്ടപ്പെട്ടു.

## മഹാപുരോഹിത സന്ദേശം

സഹോദരങ്ങളെ ഈദിവ്യവും ശ്രദ്ധേയവുമായ കാര്യം നമ്മുടെ സഭയെക്കുറിച്ചു അർത്ഥവത്താകുന്നു. നാം പലപ്പോഴും ചിന്തിക്കാറുണ്ട് വളരെ സമയം പ്രാർത്ഥിക്കാറുണ്ട്. ദൈവമേ ഈ സഭയ്ക്ക് ഇങ്ങനെ സംഭവിച്ചതെന്ത് ? ഈ വേദഭാഗം നാം പഠിച്ചപ്പോൾ ഒരു പ്രധാനകാര്യം ബലഹീനനായ നമുക്ക് വ്യക്തമായി. സഭയിൽ എത്രയോ പേർ പാപത്തിൽ ജീവിയ്ക്കുന്നു. ഒരു മദ്യപാനിയെങ്കിലും ഇല്ലാത്ത ഒരു ഇടവകയെങ്കിലും ഉണ്ടോ? ചില പള്ളികളിൽ സത്യസന്ധമായി പെരുമാറാത്ത കൈക്കാരൻമാരില്ലേ? കൂദാശ നടത്തിയോജിപ്പിച്ച എത്രയോ കുടുംബങ്ങളാണ് കർത്തൃകല്പനയ്ക്ക് എതിരായി കോടതികളിൽ പോയി വിവാഹമോചനം നേടുന്നത്. നമ്മുടെ പള്ളിപ്പെരുന്നാളുകളിൽ നാം പാപികളായി തീരുവാൻ തക്കവണ്ണം ദൈവീകമല്ലാത്ത പ്രകടനങ്ങൾ നടക്കാറില്ലേ? സഭയിൽ കല്പന ലംഘിച്ച് ജീവിയ്ക്കുന്നവർ ഇല്ലായെന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ? നിങ്ങൾ എല്ലാവരോടും നമുക്ക് അറിയിക്കാനുള്ളത്, നമ്മുടെ സഭ ഇങ്ങനെപോയാൽ ഒരിക്കലും രക്ഷപെടുവാൻ കഴികയില്ല. ആകയാൽ യോശുവാ ചെയ്തതുപോലെ സഭയിലെ ഓരോരുത്തരും ഒരാൾ മുഖാന്തിരം, അയാളും സഭയും ശിക്ഷിക്കപ്പെടാതിരിപ്പാൻ തക്കവണ്ണം പശ്ചാത്താപത്തോട് കൂടി കുമ്പസാരിച്ച് പാപത്തോട് യാത്ര പറയണം. നമ്മുടെ സഭയ്ക്ക് ഒരു ശുദ്ധീകരണവും നവീകരണവും ഈ നൂറ്റാണ്ടിന്റെ പ്രാരംഭദിശയിൽ തന്നെ അത്യാവശ്യമാണ്. വിശുദ്ധരല്ലാത്ത ആരും ദൈവത്തെ ശുശ്രൂഷിപ്പാൻ പട്ടം ഏൽക്കുവാൻ വരരുത്. ഒരശുദ്ധനും പള്ളികളുടെ കമ്മറ്റികളിലോ സഭയിലെ മനേജിംഗ് കമ്മറ്റിയിലോ, വർക്കിംഗ് കമ്മറ്റിയിലോ മറ്റ് ഉത്തരവാദിത്വങ്ങളിലോ കയറിപ്പറ്റുവാൻ തുനിയരുത്. അങ്ങനെ ഉണ്ടായാൽ നിങ്ങൾ നിങ്ങളുടെ മേൽ മാത്രമല്ല സഭയുടെമേലും ദൈവ കോപം കൊണ്ട് വരുന്നു. എല്ലാവരും നശിക്കുന്നു. അങ്ങനെയുള്ളവരെ ഈ വക സ്ഥാനങ്ങളിൽ ആക്കുവാനായി പ്രേരിപ്പിക്കുന്നവരെയും ദൈവത്തിന്റെ കഠിന കോപത്തിന് വിധേയരായിതീരും. നോമ്പ് നോക്കുവാൻ പരിശുദ്ധ സഭ നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിഷ്ഠയായി ആചരിക്കുന്നവർ എത്രപേരുണ്ട്. ക്ഷമിക്കണം ദൈവത്തിന്റെ പ്രതിപുരുഷൻമാരെന്നു, ദൈവത്തെ മറ്റുള്ളവർക്ക് കാണിച്ച് കൊടുവാൻ ബാദ്ധ്യസ്ഥരെന്ന് പൊതുവെ അറിയപ്പെടുന്നവരും വിശ്വസിക്കുന്നവരുമായ വൈദീകലോകം തന്നെ നോമ്പിനെ നിഷ്കർഷമായി ആചരിക്കുന്നുണ്ടോ? പ്രധാന പുരോഹിതൻമാരുടെ സന്നിധിയിൽ വച്ച് നോമ്പിനെ അവഗണിച്ച് പെരുമാറുന്ന ആളുകൾ ധാരളമുണ്ട്. ആദാമും ഹവ്വായും ഒരു പഴം പറിച്ച് തിന്നപ്പോഴേക്കും അവർ തോട്ടത്തിൽ നിന്ന് ബഹിഷ്കൃതരായില്ലേ? ഒരു പഴം തിന്നുന്നത് നിസ്സാരകാര്യമല്ലേ? കല്പന ലംഘനം മുഖാന്തിരം ദൈവം അവരെ തള്ളിയെന്നല്ല; അതിനെക്കാൾ അവർ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് തള്ളപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. നോമ്പിൽ വിവാഹ ജീവിതം പാടില്ലായെന്ന് നിഷ്കർഷിക്കുന്ന തിരുസഭയിൽ നോമ്പിൽപ്പോലും വിവാഹം അനുവദിക്കേണ്ടുന്ന ഗതികേടും, കർമ്മദോഷവുമാണ് ഇന്ന് നമുക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത്. നെടുവീർപ്പിട്ട് കരയുകയല്ലാതെവേറെ മാർഗ്ഗം ഇല്ല. ദൈവം എങ്ങനെ നമ്മെ തോട്ടത്തിനകത്ത് വച്ച്കൊണ്ടിരിക്കും. ദുസ്സാദ്ധ്യം അസാദ്ധ്യം.

ദൈവത്തിന്റെ തിരുസഭ ദൈവത്തിന്റെ തിരുശരീരമാണ്. ആ ശരീരത്തിന്റെ അവയവങ്ങളാണ് നാം ഒരോരുത്തരും അവയവങ്ങൾ എല്ലാം ഭംഗിയായിരിക്കേണ്ടതിന്, ആരോഗ്യകരമായിരിക്കേണ്ടതിന് പകരം കേടുള്ളതായി തീർന്നാൽ ആ ശരീരം എങ്ങനെയിരിക്കുമെന്ന് വിഭാവനം ചെയ്ത് നോക്കു. ഒരു മനുഷ്യന്റെ ശരീരത്തിന്റെ മിക്കവാറും എല്ലാ ഇന്ദ്രിയങ്ങളും കേടുള്ളതായി തീർന്നാൽ ആ മനുഷ്യനെ ഹൃദയത്തിൽ അവലോകനം ചെയ്ത് നോക്കു. പരിശുദ്ധമായ തിരുസഭയിലെ അംഗങ്ങൾ എല്ലാം പരിശുദ്ധരായിരിക്കണം. ദൈവാനുഗ്രഹങ്ങൾ നേടുവാൻ പരിശ്രമിക്കണം. സഭയെ സ്നേഹിക്കുന്നവരും സഹായിക്കുന്നവരുമായിതീരണം. ദൈവത്തിന്റെ സഭയിൽ എല്ലാവരും ഭക്തൻമാരും ഭക്തകളുമായി രൂപാന്തരപ്പെട്ടാൽ പിന്നവിടെ ഭയപ്പെടുവാൻ ഒന്നുമില്ല. അവരും, അവർ മുഖാന്തിരം സഭയും പ്രകാശിതവും പ്രശോഭിതരുമായിതീരും. പരുശുദ്ധ പരുമല തിരുമേനി ഇതിന് നല്ല ഒരു ദൃഷ്ടാന്തമല്ലേ? സഭയുടെ പ്രഭ മങ്ങാതെ പ്രശോഭിതമായിരിക്കുവാൻ നോക്കണം. നമ്മെത്തന്നെ വിശുദ്ധീകരിക്കാം. ദൈവം നമ്മിൽ പ്രസാദിക്കട്ടെ നിങ്ങൾ ഓരോരുത്തരും ദൈവ പ്രഭകൊണ്ട് പ്രശോഭിതരായി തീരട്ടെ. മറന്ന് പോകരുത്; 'ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോട് കൂടെ ഇരിക്കയില്ലാ

2000 മാർച്ച് 1-ാം തീയതി
കാതോലിക്കേറ്റ് അരമനയിൽനിന്ന്

ப. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ

---

## അറിയിപ്പ്

പോസ്റ്റൽ രജിസ്ട്രേഷൻ പുതുക്കികിട്ടുവാൻ കാലതാമസം നേരിട്ടതിനാൽ 2000 ഫെബ്രുവരി മലങ്കരസഭ മാസിക യഥാസമയം അയ്ക്കുവാൻ സാധിച്ചില്ല. 2000 മാർച്ചുലക്കത്തോടൊപ്പം ഫെബ്രുവരി ലക്കം മാസികയും ആയയ്ക്കുന്നു മാന്യ വായനക്കാർക്ക് നേരിട്ട അസൗകര്യത്തിൽ ഖേദിക്കുന്നു.

മാനേജിംഗ് എഡിറ്റർ

***N.B.** ഏജന്റ്മാർക്കുള്ള ഫെബ്രുവരി ലക്കം മലങ്കര സഭ മാർച്ച് ലക്കത്തോടോപ്പം അയയ്ക്കുന്നു. രണ്ട് മാസത്തേയും പണം ദയവായി മാർച്ച് 30 മുമ്പ് അയച്ച്തരുക.*





# കടുത്ത നടപടികളുമായി പുത്തൻ പരിഷ്കാരങ്ങൾ

**ഓർത്താലൈൻ ന്യൂസ് സർവ്വീസ്**

ഇന്ത്യയെ വികസിത രാജ്യങ്ങളുടെ ഇറക്കുമതി വിപണിയാക്കിമാറ്റാനുള്ള ഇന്തോ, അമേരിക്കൻ വ്യാപാരകരാറിന്റെ വിശദാംശങ്ങൾ പുറത്തു വന്നിട്ടു രണ്ടാഴ്ച കഴിഞ്ഞു. ഇന്ത്യ, വികസിത രാജ്യങ്ങളുടെ ഒരു പാഴ്വസ്തു വിപണിയായി മാറുകയാണ്. രാജ്യത്തേക്കു അനിയന്ത്രിതമായ ഇറക്കുമതി തടയാൻ, കഴിഞ്ഞ അമ്പതു വർഷമായി ഇന്ത്യ നില നിർത്തിപ്പോന്ന അളവുപരമായ നിയന്ത്രണങ്ങൾ (Quantitative Restrictions) എന്ന ഉപാധി പൂർണമായി ഒഴിവാക്കുന്ന കരാറിലാണ് ഇന്ത്യയും അമേരിക്കയും ഒപ്പുവച്ചത്. 'സ്വദേശി'യുടെ പേരിൽ അധികാരത്തിലേറിയ സർക്കാർ ഒപ്പുവച്ച ഈകരാറിനെ ...ിരെ ഇടതു പക്ഷകക്ഷികൾ മാത്രമാണു പ്രതിഷേധമുയർത്തിയത്. മുഖ്യ പ്രതിപക്ഷമായ കോൺഗ്രസിനു മൗനമാണു പ്രതികരണം.

അടവു-ശിഷ്ട പ്രശ്നങ്ങൾ നേരിടുന്ന ദരിദ്രരാജ്യങ്ങൾക്ക് ഇറക്കുമതിക്കുമേൽ അളവുപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള അവകാശം ഗാട്ടു കരാറിൽ പോലും അംഗീകരിച്ചിരുന്നതാണ്. എന്നാൽ യഥാർത്ഥ സ്ഥിതി പൂഴ്ത്തി വച്ച്, ഇന്ത്യയുടെ അളവ്-ശിഷ്ട സ്ഥിതി-തികച്ചും ഭദ്രമാണ് എന്ന് ധനകാര്യ മന്ത്രാലയം ഭരണഘടനയെ അറിയിച്ച സാഹചര്യത്തിലാണ് അളവുപരമായ നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന ഉടമ്പടിയിൽ ഏർപ്പെടാൻ ഇന്ത്യയെ നിർബന്ധിതയാക്കിയത്.

കരാറിന്റെ ഭാഗമായി ഇന്ത്യ 2001 ഏപ്രിലോടെ ഇന്നു നിലനിൽക്കുന്ന മുഴുവൻ അളവുപരമായ നിയന്ത്രണങ്ങളും ഇല്ലാതാക്കും. 714 ഉല്പന്നങ്ങൾക്കുള്ള നിയന്ത്രണങ്ങൾ അടുത്ത മാസത്തോടെയും ശേഷിക്കുന്ന 715 ഉല്പന്നങ്ങൾക്കുള്ള നിയന്ത്രണങ്ങൾ അടുത്ത വർഷം ഏപ്രിലോടുകൂടി ഒഴിവാക്കും. ജപ്പാൻ, യുറോപ്യൻ യൂണിയൻ എന്നിവയുമായി ഇതിനു സമാനമായ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

പുതിയ കരാറിന്റെ ഭാഗമായി, പ്രത്യേക ഇറക്കുമതി ലൈസൻസ് ആവശ്യമുള്ള 685 ഉല്പന്നങ്ങളിൽ മൊത്തം തന്നെ സ്വതന്ത്രമായി ഇറക്കുമതി ചെയ്യാൻ കഴിയുന്ന വിഭാഗത്തിലേക്കു മാറ്റാൻ ഇന്ത്യ നിർബന്ധിതമാകും. ഇതനുസരിച്ച് സമുദ്രോല്പന്നങ്ങൾ, ഇറച്ചി അച്ചാറുകൾ, കപ്പ, മുളക്, മാങ്ങാ, അച്ചാറുകൾ, ഉണക്കിയ പയറുവർഗ പച്ചക്കറികൾ, നാരങ്ങ, ഓറഞ്ച്, കൈതച്ചക്ക എന്നിവയെല്ലാം തന്നെ അടുത്ത മാസം ഒന്നു മുതൽ ഇന്ത്യയിലേക്കു സ്വതന്ത്രമായി ഇറക്കുമതി ചെയ്യാനാകും. നിയന്ത്രണങ്ങൾ ആയുധങ്ങൾ തുടങ്ങി ചുരുക്കം ചില മേഖലകളിൽ മാത്രമേ കാണുകയുള്ളൂ. സ്വാഭാവിക റബ്ബർ പാൽ, തുണിത്തരങ്ങൾ, സ്റ്റീൽ പാത്രങ്ങൾ എന്നിവ വരെ അനായാസം ഇറക്കുമതി ചെയ്യാം.

**ഇന്ത്യ, വികസിത രാജ്യങ്ങളുടെ ഒരു പാഴ്വസ്തു വിപണിയായി മാറുകയാണ്. രാജ്യത്തേക്കു അനിയന്ത്രിതമായ ഇറക്കുമതി തടയാൻ, കഴിഞ്ഞ അമ്പതു വർഷമായി ഇന്ത്യ നില നിർത്തിപ്പോന്ന അളവുപരമായ നിയന്ത്രണങ്ങൾ (Quantitative Restrictions) എന്ന ഉപാധി പൂർണമായി ഒഴിവാക്കുന്ന കരാറിലാണ് ഇന്ത്യയും അമേരിക്കയും ഒപ്പുവച്ചത്.**

മൻമോഹൻ സിങ്ങ് തുടങ്ങിവച്ചതും ചിദംബരം തുടർന്നതുമായ വ്യാപകമായ ഇറക്കുമതി ഉദാരവല്ക്കരണത്തിൽ ഊന്നിയുള്ള നയങ്ങളാണ് ബി.ജെ.പി സർക്കാരും ശക്തമായി തുടർന്നു പോരുന്നത്. അതുകൊണ്ട് അളവുപരമായ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനും അനിയന്ത്രിത ഇറക്കുമതി അനുവദിക്കുന്നതിനും ബി.ജെ.പി. സർക്കാരിനും വലിയ വിരോധമൊന്നും ഉണ്ടായിരുന്നില്ല.

ഇന്ത്യ അമേരിക്കയുമായി നടത്തിയ ചർച്ച ഏകപക്ഷീയമായിരുന്നു. അമേരിക്കയുടെ ഉത്തരങ്ങൾ എല്ലാം ഏറ്റുവാങ്ങി കരാർ അംഗീകരിച്ചു. (ചൈന-അമേരിക്ക ഉഭയകക്ഷി ചർച്ചയിൽ, ചൈന, അമേരിക്കയ്ക്ക് ചില വിട്ടുവീഴ്ചകളൊക്കെ ചെയ്തു കൊടുത്തു എന്നതു സത്യം, എന്നാൽ ചൈനീസ് ഉല്പന്നങ്ങൾക്ക് അമേരിക്കൻ വിപണി തുറന്നു കിട്ടും എന്ന ഉറപ്പും അവർ ചർച്ചയിലൂടെ നേടി).

ഇന്ത്യ അനേകം വികസിത രാജ്യങ്ങളുടെ മാർക്കറ്റ് ആയി പരിണമിക്കും എന്നതാണ് കരാറിന്റെ ആത്യന്തിക ഫലം. ഉയർന്ന തീരുവ ചുമത്തി ഇറക്കുമതി നിയന്ത്രിക്കാം എന്നൊരു വാദമുണ്ട്. ഇതിനു അടിസ്ഥാനമുണ്ടെന്ന് തോന്നുന്നില്ല. ഒന്ന് ലോകവ്യാപാര സംഘടന ഇതനുവദിക്കുന്നില്ല. രണ്ട് തീരുവ ചുമത്തിയാലും ആഭ്യന്തര ഉല്പാദന വിലയേക്കാൾ ലാഭകരമായി ഒട്ടേറെ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ കഴിയും.

നിർദ്ദിഷ്ട കരാർ നിലവിൽ വരുന്നതോടെ, ഇന്ത്യയിലെ ആഭ്യന്തര വ്യവസായവും കാർഷിക മേഖലയും തകർച്ചയിലേക്കു നീങ്ങുമെന്നു കരുതുന്നു. ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഇന്ത്യയുടെ പരമാധികാരവും സ്വാതന്ത്ര്യവും സാമ്രാജ്യത്വ ശക്തികൾക്ക് അടിയറവയ്ക്കുകയാണ് ജനവിരുദ്ധമായ ഇത്തരം നയങ്ങൾ ചെറുത്തു തോല്പിക്കാൻ ജനങ്ങൾ ഒന്നിച്ചണിനിരന്ന് 'സിയാറ്റിലുകൾ' ആവർത്തിക്കേണ്ടിവരും.

# നോമ്പും ഉപവാസവും അത്യാധുനീക ജീവിതത്തിൽ പ്രസക്തമോ?

ഡീക്കൺ. എം.ഡി. വർഗ്ഗീസ് കോന്നിയൂർ

മൂന്നാം സഹസ്രാബ്ദത്തിന്റെ പ്രഥമ പടികളിൽ നിൽക്കുന്ന മനുഷ്യൻ ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിലാണല്ലോ കാര്യ-കാരണാദികളെ വീക്ഷിക്കുന്നത്. ശരീര ശാസ്ത്രത്തിന്റെയും ചികിത്സ രീതിയുടെയും അത്ഭുത പൂർവ്വമായ വളർച്ചക്കിടയിൽ മനുഷ്യൻ സ്വയം മറന്നുയാത്ര ചെയ്യുന്നു. യൗവനവും ആരോഗ്യവും ആയുസ്സും നിലനിർത്തുവാൻ ഒട്ടനവധി കമ്പനികൾ ഒറ്റമൂലി ടോണിക്കുകളും ഗുളികകളുമായി ക്യൂനിന്ന് പരസ്യങ്ങളിലൂടെ നമ്മെ മാടിവിളിക്കുമ്പോൾ സഭാപാരമ്പര്യത്തിലെ ഇടവിട്ടുള്ളനോമ്പും ഉപവാസവും 'മാമൂലുകളായി' അത്യാധുനീക മനുഷ്യ സമൂഹം വ്യാഖ്യനിക്കുന്നു. ആദ്ധ്യാത്മിക -ഭൗതിക വ്യക്തിത്വത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് ശ്രേഷ്ഠമായ മാർഗ്ഗമായി ചൂണ്ടിക്കാണിക്കുന്ന നോമ്പും ഉപവാസവും കാലഹരണപ്പെട്ട ആയുധങ്ങളാണോയെന്നു നമ്മുക്ക് ചിന്തിക്കാം.

## എന്താണ് നോമ്പും ഉപവാസവും

മിക്കവാറും എല്ലാ മതങ്ങളും വ്രതാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ട്. റംസാൻ മാസത്തിൽ ഇസ്ലാംമതത്തിലെ ഉപവാസവും ഏകാദശി ശിവരാത്രി, പ്രദോഷം തുടങ്ങിയ ദിവസങ്ങളും ഉത്സവങ്ങളോടു ചേർന്നുള്ള നോമ്പും വിവിധ മതങ്ങൾ വ്രതാനുഷ്ഠാനങ്ങൾക്ക് നൽകുന്ന സ്ഥാനത്തിനുദാഹരണങ്ങളാണ്. ആചരണങ്ങൾ വ്യത്യസ്തമെങ്കിലും ഈശ്വര സാക്ഷാത്ക്കാരവും വ്യക്തിത്വവളർച്ചയുമാണ് എല്ലാ മതങ്ങളും ലക്ഷ്യമാക്കുന്നത്. ഉപവാസം, നോമ്പ് എന്നീ പദങ്ങൾ വ്രതം (Fast) എന്ന ഒരേ അർത്ഥം നൽകുന്നവയാണ്. സാധാരണ അർത്ഥത്തിൽ ഭക്ഷണം വെടിഞ്ഞുള്ള വ്രതാനുഷ്ഠാനത്തെ ഈ പദം കുറിക്കുന്നു. എന്നാൽ ക്രൈസ്തവ വീക്ഷണത്തിൽ അല്പം കൂടി ശ്രേഷ്ഠമായ അർത്ഥമാണ് നൽകുന്നത്. ഉപവി (ദൈവം) യോടുകൂടിയുള്ളവാസമാണ് ഉപവാസം (Fast) എന്ന ഇംഗ്ലീഷ് പദത്തിന്റെ നാമവിശേഷം ദൃഡീകരിക്കുക, ഉറപ്പാക്കുക (Firmly, Tightly) എന്നീ അർത്ഥങ്ങൾതരുന്നു. ദൈവീക ബന്ധത്തെ ഊട്ടി ഉറപ്പിക്കുന്ന- ശക്തീകരിക്കുക ഉപാധിയാണ് നോമ്പും ഉപവാസവും.

## ഭക്ഷണക്രമത്തിനു വ്യതിയാനം ആവശ്യമോ

മിക്ക മനുഷ്യരെ സംബന്ധിച്ചെടത്തോളവും ഭക്ഷണ നിയന്ത്രണം വലിയ ബുദ്ധിമുട്ട് ഉളവാക്കുന്ന സംഗതിയാണ്. താൻ ശീലിച്ചുവന്നിട്ടുള്ള ആഹാര പദാർത്ഥങ്ങൾ തന്റെ രുചിക്കനുസരിച്ച് ലഭിച്ചില്ലെങ്കിൽ അവൻ അസ്വസ്ഥനാകും. ഇന്ന് പൊതുവെ വറത്തതും പൊരിച്ചതുമായ മത്സ്യമാംസാദികളും ബിരിയാണിപോലെയുള്ള കഠിനമായ ആഹാരപദാർത്ഥങ്ങളുമാണ്. ഇത്തരം ആഹാരങ്ങൾ കൊണ്ട് ക്രമമായി വയറുനിറയ്ക്കുന്നവർ ശ്രദ്ധിക്കുക. നിങ്ങളുടെ ശരീരം രോഗാതുരമായി മാറികൊണ്ടിരിക്കുന്നു. ഇവിടെ ഭക്ഷണക്രമത്തിന് നിയന്ത്രണം ആവശ്യമാണ്. സഭാപിതാക്കന്മാർ ഒരു വർഷത്തിൽ ഇടവിട്ടുള്ള നോമ്പുകൾ നിർദ്ദേശിച്ചിരിക്കുന്നതിന്റെ പിന്നിൽ മനുഷ്യന്റെ സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കിയാണ്. ഫെബ്രുവരി മാസത്തിലെ മൂന്നു നോമ്പും, മാർച്ച്- ഏപ്രിൽ- മാസങ്ങളിലെ വലിയ നോമ്പും, ജൂൺ 16 മുതൽ 29 വരെയുള്ള ശ്ലീഹാനോമ്പും, ആഗസ്റ്റ് 1-15 വരെയുള്ള ശൂനോയോനോമ്പും, ഡിസംബർ, 1-25 വരെയുള്ള യൽദോനോമ്പും മനുഷ്യന്റെ ശരീരിക- മാനസീക- ആത്മീയ ആരോഗ്യത്തിന്റെ താളക്രമം ചിട്ടയായി സൂക്ഷിക്കാൻ സഹായിക്കുന്ന ജീവിത യാത്രയിലെ നിർണ്ണായക നാഴിക കല്ലുകളാണ്. ഇവയെ മറന്നുള്ള യാത്ര ശരീരത്തിലും ആത്മാവിലും രോഗലക്ഷണങ്ങൾ കാണിക്കുമെന്നതിൽ സംശയമില്ല 'ജിതേരസേ, ജിതേ സർവ്വേ' രസനേന്ദ്രത്തെ ജയിച്ചവർ എല്ലാം ജയിച്ചു'

## ഉപവാസം: രോഗങ്ങൾക്കുള്ള മരുന്ന്

ലഘുവായ രോഗങ്ങൾക്ക് പോലും ആന്റിബയോട്ടിക്കുപോലെയുള്ള ഗുളികകളിലും മരുന്നുകളിലും അഭയം തേടുന്ന മനുഷ്യൻ സ്വയം ശവക്കുഴിതോണ്ടുകയാണ്. ഫൈവ്സ്റ്റാർ ഭക്ഷണവും ഫാസ്റ്റ് ഫുഡും ടിൻ ആഹാരങ്ങളും കോളകളും കൊണ്ട് വയറുനിറയ്ക്കുമ്പോഴും അശാസ്ത്രീയമായ പാകം ചെയ്യലുകളിലൂടെ ലഭ്യമാക്കുന്ന മത്സ്യാമാംസാദികൾ വായ്ക്ക് ഇഷ്ടാനുഭോജനമാകുമ്പോൾ രോഗാണുകൾ ശരീരത്തിൽ മുളച്ചു പൊങ്ങാൻ തുടങ്ങും. ഈ രോഗാണുക്കളെ പുറം തള്ളാൻ ശരീരം ഒരുങ്ങുമ്പോൾ അത് ചെറിയ പനിയായോ, ജലദോഷമായോ, വയിറ്റിളക്കമായോ, ഛർദ്ദിയായോ ശരീരത്തിനു പുറത്തു പ്രത്യക്ഷമാകും. അപ്പോഴേക്കും അക്ഷമരാകുന്ന മനുഷ്യഗണം അവയെ തടയാൻ മരുന്ന് അന്വേഷിക്കുന്നു. ഗ്യാസ് വന്നാലെന്ത് 'പുട്ടിൻഹാരാ' ഉണ്ടല്ലോ തലവേദനവന്നാലെന്ത് 'വിക്സ് ആക്ഷൻ 500' ഉണ്ടല്ലോ ഇതാണ് ഇന്നത്തെ മുദ്രാവാക്യം. വിശപ്പില്ലായ്മ അനുഭവപ്പെടുമ്പോൾ വിശക്കാനുള്ള 'ചവന്ന പ്രാശം' തേടി പോകുന്നു. സ്പെഷിലിസ്റ്റുകൾ നിർദ്ദേശിക്കുന്ന (ശരീരം മുഴുവനായി ചിക്സിക്കുന്ന ഡോക്ടേഴ്സ് വിരളമാണല്ലോ) മരുന്നുകളും ഗുളികകളുംമെല്ലാം വാങ്ങി കഴിക്കുന്നു. ഇവയുടെ പാർശ്വഫലങ്ങൾ ശ്രദ്ധിക്കുന്നില്ലാതനും. ഇവിടെ രോഗാണുക്കൾ പുറത്തു പോകാനുള്ള വഴിതടയുന്നു. അത് വീണ്ടും മറ്റ് അസുഖങ്ങൾക്ക് വഴിതെളിയുന്നു. ശരീരത്തിലെ മാലിന്യങ്ങളെ നീക്കം ചെയ്യാൻ ഒരു പരിധിവരെ നമ്മുടെ ശരീരത്തിനു കഴിവുണ്ട്. ആകഴിവിനെ മനസ്സിലാക്കി ശരീരത്തിന് പ്രത്യേകിച്ച് ആന്തരിക അവയവങ്ങൾക്ക് വിശ്രമം നൽകാൻ സാധിക്കണം. അതായത് ശരീരത്തിൽ ഉറഞ്ഞു കൂടുന്ന ദുർമേദസ്സിനെ പുറം തള്ളാൻ ഏറ്റവും നല്ല മാർഗ്ഗം ഉപവാസമാണ്. ഇവിടെ ശരീരവും മനസ്സും ആത്മാവും ശുദ്ധീകൃതമാകുന്നു.

പ്രശ്നോ പതിഷത്ത് ഇപ്രകാരം പറയുന്നു.

'അന്നം വൈപ്രജാപതി: തതോ ഹവൈ തദ്രേത: കസ്മാദിമാ: പ്രജ: പ്രജായനു ഇതി'





അന്നം പ്രജാപതിയാണ്. അതിനാൽ സാത്വികമായഭക്ഷണമാണ് മനുഷ്യന് ആവശ്യം അവിടെ ശുദ്ധ തേജസ്സുള്ള മനസുരൂപപ്പെടുന്നു. യേശു ക്രിസ്തു പറയുന്നു 'ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ ഈ ജാതി (മനുഷ്യനിലെ ദൈവീകഛായയെ നശിപ്പിക്കുന്നവ) ഒഴിഞ്ഞു പോകയില്ല' (വി.മത്താ: 17:21)

## ഭക്ഷണക്രമം കൊണ്ടു മാത്രം നോമ്പും ഉപവാസവും പൂർണ്ണമാകുന്നുവോ ?

വലിയനോമ്പിലെ പ്രാർത്ഥന ക്രമത്തിലെ വ്യാഴം സന്ധ്യയിൽ നാം പ്രാർത്ഥിക്കുന്നു 'ഭക്ഷണം വെടിയുന്നവായ് വഞ്ചനയിൽ നിന്നും ഒഴിഞ്ഞിരിക്കണം. രാജാവ് പ്രവേശിക്കുന്ന വാതിലിനുള്ളിൽ അന്യായം പ്രവേശിക്കരുത് 'ഭക്ഷണ നിയന്ത്രണം കൊണ്ട് സ്വായത്തമാക്കുന്ന സ്വയനിയന്ത്രണം അഥവാ ഇന്ദ്രിയജയം (Self control) വിജയത്തിന്റെ സോപാനങ്ങളിലേക്ക് നയിക്കും. നഷ്ടപ്പെടുന്ന പ്രപഞ്ച താളാത്മകതയും പരസ്പരബന്ധവും (ദൈവത്തോടും മനുഷ്യനോടും പ്രകൃതിയോടും) പുനസ്ഥാപിക്കപ്പെടുന്നു. പുള്ളിപ്പുലി കോലാട്ടിൻ കുട്ടിയോടുകൂടെ കിടക്കും, പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കുന്ന (യെശയ്യാ 11: 6-8) ഏദനിലെ അനുഭവം ഉണ്ടാകുന്നു.

## ഉപവാസം എങ്ങനെ അവസാനിപ്പിക്കണം

ഉപവസിക്കുന്നവർ അനേകമുണ്ടെങ്കിലും ഉപവാസം ശാസ്ത്രീയമായി അവസാനിപ്പിക്കുന്നവർ ചുരുക്കം. ഉപവാസം കഴിഞ്ഞ് അതിന്റെ ക്ഷീണം മാറ്റാനുള്ള ശ്രമത്തിൽ നാല് ഇരട്ടി ഒറ്റയടിക്ക് വാരിവലിച്ച് ഭക്ഷിക്കുന്നവർക്ക് ഉപവാസം കൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിച്ചുവോയെന്ന് പറയാൻ പ്രയാസമാണ്. ഉപവാസം കഴിഞ്ഞ് ഘന പദാർത്ഥങ്ങൾ ഭക്ഷിക്കുന്നതിനുമുമ്പായി പഴച്ചാറോ ലഘുവായ പഴങ്ങളോ അല്പാല്പമായി ഭക്ഷിക്കണം. അതിനുശേഷം ധാന്യ ആഹാരത്തിലേക്ക് പ്രവേശിക്കാവു 'പതുക്കെ തിന്നാൽ പനയുതിന്നാം' എന്ന പഴഞ്ചൊല്ല് ഓർമ്മിക്കുന്നത് നന്ന്.

## ഉപവാസം: അൾസർ സൃഷ്ടിക്കുമോ

നോമ്പും ഉപവാസവും ആചരിക്കാൻ പ്രയാസമുള്ളവർ തട്ടിവിടുന്ന ഒരു പ്രധാന ആരോപണമാണ് ആന്തരാവയവങ്ങളിൽ വ്രണങ്ങൾ (Cleer) ഉണ്ടാക്കുമെന്നത്. ഇത് ഒരുതെറ്റി ധാരണയാണ് മനുഷ്യ ശരീരത്തിന് ആവശ്യമായ അമ്ളത്തിന്റെ അളവ് 20%, ആൽക്കലി 80% ആണ് എന്നാൽ അത്യാധുനീക ലോകത്തിന്റെ ഇഷ്ടഭക്ഷങ്ങളിൽ മിക്കതിലും അടങ്ങിയിരിക്കുന്നത് അമ്ളങ്ങളാണ്. ഇതാണ് (Ulcer) കാരണമാകുന്നത്. ഉപവാസത്തിൽ ആമാശയഭിത്തികളെ കേടുവരുത്തുന്ന Hcl അമ്ളം ആവശ്യമില്ലാത്തതിനാൽ ഉല്പാദിപ്പിക്കുന്നില്ല. മാത്രമല്ല പഴച്ചാറു ഉപയോഗിച്ചുള്ള ഉപവാസം അൾസറിനെ മാറ്റാൻ സഹായിക്കുന്നുവെന്നതാണ് സത്യം. ശരീരം ക്ഷീണിക്കുന്നുവെന്ന് പറയുന്നത് അധികത്തിലുള്ള കൊഴുപ്പ് പുറത്തുപോകുന്നതാ ണെന്ന് മനസ്സിലാക്കുക.

നോമ്പും ഉപവാസവും രോഗം അകറ്റുന്നതിനോടൊപ്പം ആയുസ്സും വർദ്ധിക്കുന്നു എന്നതാണ് സത്യം. ഗാന്ധിജിയുടെയും ഇന്ത്യൻ ഋഷിമാരുടേയും ചില സഭാപിതാക്കന്മാരുടേയും ചരിത്രം ഈ സത്യം വിളിച്ചറിയിക്കുന്നു. നോഹയുടെ കാലം മുതലാണ് മാംസാദികളെ ഭക്ഷിക്കുവാൻ മനുഷ്യൻ തുടങ്ങിയത് (ഉല്പത്തി 9: 2,3) അവിടം മുതൽ മനുഷ്യന്റെ ആയുസ്സു കുറഞ്ഞതായി വി. വേദ പുസ്തകം സാക്ഷിക്കുന്നു.

പാപം ചെയ്യുന്നതിനു മുമ്പുള്ള അവസ്ഥയിലേക്ക് തിരികെ പോകുവാൻ ആഗ്രഹിക്കുന്ന ആത്മീയ പഥികന് നോമ്പും ഉപവാസവും ആത്മ-ശരീര മനസ്സുകളുടെ പക്വത പ്രദാനം ചെയ്യുന്നു. അത്യാധുനീകലോകത്തിലെ ജീവിതത്തിന്റെ താളഭംഗങ്ങളെ ക്രമീകരിക്കാൻ നോമ്പും ഉപവാസവുമാകുന്ന പന്ഥാവിനെ സ്വീകരിക്കാം.

**MATRIMONIAL**

Orthodox Christian Parents invite proposal from Orthodox Christian God fearing Family, For their daughter, 23 years, 172 Cms, B.Sc. (Nursing), working in a famous hospital in Calcutta, will be in Kerala on leave from mid April to end of May. Proposals for suitable Grooms based in UAE/USA will be preferred. Parents kindly write to:

Box No. 245
Malankara Sabha
Devalokam P.O., Kottayam-38

**1 st Death Anniversary**
**25-3-2000**



**I. Idicula**

*By Sorrwing Family*
**H.No.. 3-10-81A/1**
**Ramathpur, Hyderabad -13**
**040-7037042**

(പരിഛേദന) ആയിരപ്പറ (നൂറുപറ) മൾബറി (കാട്ടത്തി) ശ്വശുരൻ (അമ്മായപ്പൻ) ശവവസ്ത്രങ്ങൾ ( കെട്ട്) സ്വാമി (ഗുരു) പനകൈ (കുരുത്തോല) കിലോമീറ്റർ (നാഴിക), സുവാർത്ത, ബാർലി അപ്പം...

ഏകീകൃത സുവിശേഷത്തിലെ ഭാഷയുടെ സത്ത ഉൾകൊള്ളണമെങ്കിൽ ഏതാനും വാക്യങ്ങളിലെ പുതുമ കൂടി ഉൾക്കൊള്ളണം.

ഉദാ: ആരും പുതിയ വീഞ്ഞ് പഴയ തേൻകുടത്തിൽ ഒഴിക്കാറില്ല (മർക്കോ 2: 22), അമ്മയ്ക്കും എനിക്കും എന്ത് (യോഹ 2:4) നിനക്കു നേരത്തെ അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു അതേ സമയം നിന്നോടൊത്തു താമസിക്കുന്ന ആൾ നിന്റെ ഭർത്താവല്ല (യോഹ 4:18) സ്വർഗ്ഗരാജ്യത്തിന് വേണ്ടി വിവാഹം വേണ്ടെന്നു വച്ചിട്ടുള്ളവരുമുണ്ട് (മത്താ 19:12) ഒരു കുപ്പായം മാത്രം ധരിച്ച യുവാവ് യേശുവിനെ അനുഗമിച്ചിരുന്നു (മർക്കോ 14: 51).

ബൈബിളിലെ നാലു സുവിശേഷ വിവരണങ്ങൾ ഏകീകരിച്ച് ക്രോഡീകരിച്ച ഈ ഗ്രന്ഥം പഠനത്തിനും ധ്യാനത്തിനും വളരെ പ്രയോജനകരമാണ്. യേശുവിന്റെ ജീവചരിത്രം സമഗ്രമായി സുവിശേഷകന്മാരുടെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു. ഭാഷയുടെ 'സുവിശേഷ നൈർമ്മല്യവും വാക്യഘടനയിലെ മികവും' 'ഏകീകൃത 'സുവിശേഷത്തെ' ലളിതവും സുന്ദരവും ആക്കുന്നു. ഉപശീർഷകങ്ങൾ നൽകിയതിനാൽ പഠനം ഹൃദ്യമാകും.

*ഏകീകൃത സുവിശേഷം എന്നതിലെ 'ഏകീകൃത' എന്ന പദത്തിന്റെ അർത്ഥ ധ്വനി എങ്ങനെയാണ്.

വേദപുസ്തകത്തിലെ നാലു സുവിശേഷ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ ആവുന്നത്ര ആവർത്തനം വരാത്ത വിധത്തിൽ പ്രസക്തമായവ ക്രോഡീകരിച്ചതാണ് ഏകീകൃത സുവിശേഷം.

ഏകീകൃത (Integrated) എന്നത് സംയോജിപ്പിക്കുക, സമന്വയിപ്പിക്കുക, പൂർണ്ണമാക്കുക എന്നർത്ഥം. ഇതിൽ നാലു സുവിശേഷ ഭാഗങ്ങളും ഒരുമിച്ച് സംയോജിപ്പിച്ചിരിക്കുന്നു. ആവർത്തനങ്ങൾ കഴിവതും ഒഴിവാക്കിയിട്ടുണ്ട്. യേശുവിനെക്കുറിച്ചുള്ള എല്ലാ സുവിശേഷ വിവരണങ്ങളും ഏകീകരിച്ച് അവതരിപ്പിച്ചിരിക്കുന്നു.

ഇത് സമാന്തര (Parallel) സുവിശേഷങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സുവിശേഷങ്ങളിലെ ഒരു വിവരണം തന്നെ നാലു സുവിശേഷകരും എങ്ങനെ കൊടുത്തിരിക്കുന്നുവെന്ന് സമാന്തര സുവിശേഷങ്ങളിൽ കൂടി മനസിലാക്കാം. ഒരോ സുവിശേഷത്തിലേയും സമഗ്രമായ ഭാഗങ്ങൾ മറ്റുള്ള സുവിശേഷങ്ങളിൽ നിന്ന് എടുത്ത് ചേർത്തിരിക്കുന്നതാണ് സമാന്തര സുവിശേഷങ്ങൾ.

വേദപുസ്തകത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ സമവീക്ഷണ സുവിശേഷങ്ങളാണ് (Synoptic). അതായത് സമാനരൂപവും വിവരണങ്ങളും ഉള്ളത് എന്നർത്ഥം. യോഹന്നാന്റെ സുവിശേഷത്തിൽ വ്യത്യസ്തങ്ങളായ വിവരണങ്ങളും അവതരണ രീതിയുമാണുള്ളത്.

നാലു സുവിശേഷങ്ങൾ പരിശോധിച്ചാൽ ഒരു സുവിശേഷത്തിലും യേശുവിന്റെ ജീവചരിത്രം പൂർണ്ണമായി ലഭിക്കുന്നില്ല. 'ഒരു സുവിശേഷത്തിന്റെയും പൂർണ്ണ ഭാഗവും ഇല്ല. ഏകീകൃത സുവിശേഷത്തിൽ യേശുവിന്റെ കഥ സമ്പൂർണ്ണമായി സുവിശേഷങ്ങളിൽ നിന്നും മെനഞ്ഞെടുത്തിരിക്കുന്നു.

* ഏകീകൃത സുവിശേഷത്തിലെ രചനാശൈലി എപ്രകാരമുള്ളതാണ്.

ഏകീകൃത ഇംഗ്ലീഷ് സുവിശേഷ വിവർത്തനങ്ങളായ ദ് ഗോസ്പൽ ഓഫ് ജീസസ്സ്, ദ് ഹാർമണി ഓഫ് ദ് ഫോർ ഗോസ്പൽ എന്നിവയുടെ സ്വതന്ത്ര മലയാള പരിഭാഷയാണിത്. ഏകീകൃത സുവിശേഷത്തിലെ ഭാഷ നമ്മുടെ സംസ്ക്കാരത്തിന് അനുയോജ്യമായ പദങ്ങൾ കോർത്തിണക്കി സംവിധാനം ചെയ്തിരിക്കുന്നു. ബഹുമാന സൂചക സർവ്വനാമങ്ങളും ശുദ്ധമായ മലയാള പദങ്ങളും കഴിയുന്നത്ര ഉപയോഗിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

* ബഹുമാന സൂചകങ്ങളായ സർവ്വനാമങ്ങൾ ഉപയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്.

ഭാരതീയ സംസ്ക്കാരത്തിന് അനുയോജ്യമായ രീതിയിലാണ് സർവ്വനാമങ്ങൾ ബഹുമാന ദ്യോതകമായ ശബ്ദത്തിൽ ചേർത്തിരിക്കുന്നത്. യേശുവിന് 'അവിടുന്ന്' എന്ന സർവ്വനാമം ഉപയോഗിച്ചിരിക്കുന്നു. ഉദാ: അവിടുന്ന് അവരോട് പറഞ്ഞു, അവിടുന്ന് പറഞ്ഞു; അവിടുന്ന് തുടർന്നു.

ഇതിൽ അങ്ങ്, അദ്ദേഹം (അവൻ), താങ്കൾ (നീ), അവിടുത്തെ (അവന്റെ), ഇദ്ദേഹം (ഇവൻ), അവിടുന്ന് (അവൻ), താൻ (അവൻ), എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. തന്നെപ്രതി, നിന്നെപ്രതി തുടങ്ങിയ പഴയ പ്രയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഭാരതീയ പാരമ്പര്യത്തിൽ ദിവ്യപുരുഷന്മാരെ അവൻ, നീ, എന്നീ സർവ്വ നാമങ്ങൾ ഉപയോഗിച്ച് പറയാറില്ല. ആദരവ് ധ്വനിപ്പിക്കുന്ന സർവ്വനാമങ്ങൾ മാത്രമേ ഉപയോഗിക്കു പ്രസംഗത്തിൽ നമ്മുടെ കർത്താവ്, നമ്മുടെ യേശു, 'യേശുതമ്പുരാൻ' എന്നേ പറയാറുള്ളൂ.

ബൈബിൾ ഭാഷാന്തരം ചെയ്തപ്പോൾ ബെഞ്ചമിൻ ബെയ്‌ലിയും (1829) ഹെർമ്മൻ ഗുണ്ടർട്ടും (1854) യേശുവിന് 'അവൻ' 'നീ' എന്നീ പദമാണ് നൽകിയത്. ഹീ (He) എന്നത് തർജ്ജമ ചെയ്തപ്പോൾ ഉചിതമായ പദം ലഭിക്കാഞ്ഞതിലാവാം അങ്ങനെ ചെയ്തത്. ദൗ (Thou) എന്നത് അങ്ങ്, അവിടുന്ന് എന്നർത്ഥം വരും. ഇത് ബഹുമാന പദങ്ങളാണ്. മലയാള ഭാഷയിലുള്ള ഹിന്ദു സ്വാധീനപ്രകാരമാണ് ബഹുമാന സൂചക സർവ്വ നാമങ്ങൾ ചേർത്തത്. ഇത് ഭാഷാ സ്വാധീനമാണ്. ഭാരതീയ സംസ്ക്കാര സ്വാധീനമാണെന്നും പറയാം.

* സുവിശേഷ ഭാഗങ്ങൾ ഏകീകൃതമായി മലയാളത്തിലാക്കുന്നതിനുള്ള പ്രചോദനം എന്തായിരുന്നു.

യേശുക്രിസ്തുവിന്റെ സമ്പൂർണ്ണ ജീവചരിത്രം ലഭ്യമാക്കുക എന്നതാണ്. അതിനാൽ യേശുവിന്റെ കഥ സമ്പൂർണ്ണമായി ലഭിക്കത്തക്കവിധം ഇത് എഴുതിയിരിക്കുന്നു.

പലകാലങ്ങളിലായി ചെയ്ത ഭാഷാന്തരമാണിത്. ഇതിന്റെ തർജ്ജമ ഒരു പ്രാർത്ഥനയായി തെരഞ്ഞെടുത്തു. ഏകീകൃത സുവിശേഷം ഒരു ശുശ്രൂഷയും സമർപ്പണവുമാണ്. സാഹിത്യത്തിലെ ഒരു ദൈവിക ശുശ്രൂഷയായി ഞാനിതിനെ കരുതുന്നു. എന്റെ സാഹിത്യ രചനകളിൽ ഏറ്റവും സന്തോഷവും ആഹ്ലാദവും പകരുന്ന അനുഭവമായിരുന്നു ഇതിന്റെ മൊഴിമാറ്റം. അതിനാൽ നിറഞ്ഞ സന്തോഷത്തോടും ഭക്തിയോടും സ്നേഹത്തോടും കൂടി എന്റെ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് ഈ ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നു.

ഏകീകൃത സുവിശേഷം: ഡോ. കെ. എം. തരകൻ. ദൈവശാസ്ത്ര സഹിത്യ സമിതി, തിരുവല്ല. പേജ് 221 വില 70.

◆





# ദനഹായ്ക്കു ശേഷം ആറു ഞായറാഴ്ചകൾ വരാം.

2000 ഫെബ്രുവരി ലക്കം മലങ്കര സഭാ മാസികയിൽ 'സുവിശേഷ സന്ദേശം' എന്ന ധ്യാനപംക്തിയിൽ 2000 ഫെബ്രുവരി 13 വാങ്ങിപ്പോയ വൈദികരുടെ ഞാറാഴ്ചയെന്നും തുടർന്നുള്ള ഞായറാഴ്ചകൾ അതനുസരിച്ച് തെറ്റായ ക്രമത്തിലും കൊടുത്തിരുന്നതായി കണ്ടതുകൊണ്ടാണ് ഇതെഴുതുന്നത്.

2000 ഫെബ്രുവരി 13 ദനഹായ്ക്കു ശേഷമുള്ള ആറാം ഞായറാഴ്ചയാണ്. സഭാ പഞ്ചാംഗത്തിലും വേദവായനക്കുറിപ്പിലും വായനപ്പടി ഏവൻഗേലിയോനിലും ഇതിനെപ്പറ്റി പരാമർശിക്കാതിരുന്നതാണ് ഈ ആശയക്കുഴപ്പത്തിനു കാരണം. 1984 ഫെബ്രുവരി 12-ന് ഇങ്ങനെയൊരു ഞായറാഴ്ച വന്നപ്പോൾ സഭാ പഞ്ചാംഗത്തിലുൾപ്പെടുത്തിയിരുന്നു. വേദവായനക്കുറിപ്പിലും വായനപ്പടി ഏവൻഗേലിയോനിലും വായനാഭാഗങ്ങൾ ചേർത്തിട്ടില്ലാതിരുന്നതിനാൽ ഇവ പ്രത്യേകമായി ഉൾപ്പെടുത്തി പരിശുദ്ധ കാതോലിക്കാബാവാ കൽപന പുറപ്പെടുവിച്ചതായും ഓർക്കുന്നു. ഇങ്ങനെയൊരു ഞായറാഴ്ച വരുന്നത് സാധാരണയല്ലെങ്കിലും അത്ര അപൂർവ്വമല്ല. ഇനിയും 2011 ഫെബ്രുവരി 13-ന് ഇങ്ങനെ വരും.

ഈസ്റ്റർ വരാവുന്ന ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25 ആണ്. ഉദാ: 2038. ഏപ്രിൽ 22 അധി വർഷങ്ങളിൽ (ഏപ്രിൽ 21)- നോ അതിനു ശേഷമോ. ഈസ്റ്റർ വരുന്ന വർഷങ്ങളിൽ ദനഹായ്ക്കു ശേഷം ആദ്യ ഞായറാഴ്ചകൾ വരും. ഉദാ: 1962, 1973, 1984, 2000, 2011, 2038, 2052, 2057, 2068, 2079, 2095. നമ്മുടെ സഭ ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിക്കുന്നതിനു (1953) മുമ്പ് ഈ നൂറ്റാണ്ടിൽ 1907, 1918, 1929, 1945 എന്നീ വർഷങ്ങളിലും ഇതു വന്നിട്ടുണ്ട്.

ഏതായാലും നമ്മുടെ സഭാ പഞ്ചാംഗത്തിലും വേദവായനക്കുറിപ്പിലും വായനപ്പടി ഏവൻഗേലിയോനിലും ഈ ദിവസവും വായനാഭാഗങ്ങളും ചേർക്കേണ്ടതാണ്. 1984-ലെ കൽപനയിൽ ഉൾപ്പെടുത്തിയ ഭാഗങ്ങൾ ചേർത്താൽ മതിയാകും. ഈ വിഷയം ചൂണ്ടിക്കാട്ടി ഈ ലേഖകൻ പത്തു വർഷം മുമ്പ് മലങ്കര ഓർത്തഡോക്സ് ഹെറാൾഡിൽ (1989 നവംബർ 10). എഴുതിയിരുന്നു.

വാൽക്കഷണം: ഈസ്റ്റർ വരാവുന്ന ഏറ്റവും നേരെത്തെയുള്ള തീയതി മാർച്ച് 22 ആണ്. മാർച്ച് 25-നോ അതിനു മുമ്പോ ഈസ്റ്റർ വരുന്ന വർഷങ്ങളിൽ പെന്തിക്കോസ്തിയ്ക്കുശേഷം 12 ഞായറാഴ്ചകൾ വരുന്നു. ഉദാ: 2008, 2035, 2046. പഴയ രീതി പ്രകാരം ഈ നുറ്റാണ്ടിൽ 1912, 1915, 1942 എന്നീ വർഷങ്ങളിൽ ഇങ്ങനെ വന്നിട്ടുണ്ട്. 2008 മാർച്ച് 23 ഈസ്റ്റർ ആയതിനാൽ വചനിപ്പു പെരുന്നാൾ വലിയനോമ്പിൽ വരുകയില്ല. 2035, 2046 എന്നീ വർഷങ്ങളിൽ ഈസ്റ്ററും വചനിപ്പു പെരുന്നാളു മാർച്ച് 25-ന് ഒരുമിച്ചു വരും. 2005, 2016 എന്നീ വർഷങ്ങളിൽ മാർച്ച് 27-ന് ഈസ്റ്റർ വരുന്നതിനാൽ ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വരും. 1608, 1687, 1692, 1771, 1782, 1855, 1866, 1877, 1939, 1950 എന്നീ വർഷങ്ങളിൽ ഇങ്ങനെ വന്നിട്ടുണ്ട്.

മാർച്ച് 21-നോ അതിനു ശേഷമോ വരുന്ന പൗർണ്ണമിയുടെ പിറ്റേ ഞാറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണ്ണമി ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും.

**വർഗീസ് ജോൺ, തോട്ടപ്പുഴ**


## വിശുദ്ധ കുർബ്ബാനക്രമം

**മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യനികളുടെ സ്ലീബാ-കൃംതാ നമസ്ക്കാര ക്രമമുള്ള വി. കുർബ്ബാന ക്രമം എം. ഒ.സി പ്രസിദ്ധീകരിച്ചു.**

- ❑ **വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, കുമ്പസാരക്രമം, ഞായറാഴ്ച ഏവൻഗേലിയോൻ വായനകൾ അടിസ്ഥാനമാക്കിയുള്ള വി. കുർബ്ബാന ഗാനങ്ങൾ, കക്കിലിയോനു പകരമുള്ള ഗീതങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു**
- ❑ **ആരാധനയിൽ ഉപയോഗിക്കുന്ന സുറിയാനി പദങ്ങളുടെ അർത്ഥ സൂചിക അനുബന്ധമായി നൽകിയിട്ടുണ്ട്.**
- ❑ **പ. സുന്നഹദോസിന്റെ നിശ്ചയമനുസരിച്ച് നാലാം തുബ്ദേനിൽ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും അഞ്ചാം തുബ്ദേനിൽ പ. പരുമല മാർ ഗ്രീഗോറിയോസിന്റെയും പേരുകൾ ചേർത്തിരിക്കുന്നു.**

**അറിയിപ്പ്**

**പേജ് 354, വില, 40 രൂപ**

കൺവൻഷൻ, പെരുനാൾ തുടങ്ങിയവയോടനുബന്ധിച്ച് Sale or Return വ്യവസ്ഥയിൽ പുസ്തകങ്ങൾ വാങ്ങുന്നവർ കുറഞ്ഞത് 3000 രൂപയ്ക്കുള്ള പുസ്തകങ്ങൾ എങ്കിലും വിൽക്കണം, അല്ലാത്തവർക്ക് പുസ്തകങ്ങൾ ഈ വ്യവസ്ഥയിൽ നൽക്കുന്നതല്ല. ഇപ്രകാരം പുസ്തകങ്ങൾ വാങ്ങാൻ വരുന്നവർ വികാരിയുടെ കത്തുകൂടി കൊണ്ടുവരേണ്ടതാണ്. കേടാകുന്ന പുസ്തകങ്ങൾക്ക് മുഴുവൻ വിലയും നൽക്കണം. രൊക്കം പണം തന്ന് 1000 രൂപയ്ക്കോ അതിൽകൂടുതലോ പുസ്തകങ്ങൾ വാങ്ങുന്നവർക്ക് 25 % കമ്മീഷൻ നൽകുന്നതാണ്.

**കോപ്പികൾക്ക് സെക്രട്ടറി, എം.ഒ.സി. പബ്ലിക്കേഷൻസ്, ദേവലോകം, കോട്ടയം-38**

# മരുഭൂമിയിലെ ദൈവശബ്ദത്തിന്റെ ധാരണപ്പിശകുകൾക്ക് മറുപടി

ഫാ. ഡോ. ജേക്കബ് കുര്യൻ

ഒരു നവീകരണ പ്രസിദ്ധീകരണമായ 'മരുഭൂമിയിലെ ദൈവശബ്ദം' അതിന്റെ ജനുവരി-ഫെബ്രുവരി-2000 ലക്കത്തിൽ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും എന്ന തലക്കെട്ടിലുള്ള എന്റെ ലഘുലേഖ പ്രസിദ്ധീകരിച്ചതിൽ അവരോട് നന്ദി അറിയിക്കുന്നു. പ്രസ്തുതലഘുലേഖയെ ഖണ്ഡിച്ച് മറുപടി എഴുതിയിരിക്കുന്ന 'മരുഭൂമിയിലെ ദൈവശബ്ദം' ലേഖകന്റെ 'ദൈവചന പ്രകാരമുള്ള' മറുപടിയും വായിച്ചു.

(1) എന്റെ പേര് വച്ച് ലഘുലേഖ പുന: പ്രസിദ്ധീകരിച്ചപ്പോൾ, കുറഞ്ഞ പക്ഷം പുന: പ്രസിദ്ധീകരണം നടത്തുന്ന വിവരം ഒന്നറിയിക്കുകയെങ്കിലും ചെയ്യുന്ന സാമാന്യ മര്യാദ കാണിക്കാമായിരുന്നു.

(2) പുന: പ്രസിദ്ധീകരണത്തിൽ വരുത്തിയിരിക്കുന്ന അക്ഷരപിശകുകൾ മനപൂർവ്വം വരുത്തിയതാണെന്നു തോന്നിപ്പോകുന്നു. സാധാരണ ഉണ്ടാകാവുന്നതും ക്ഷമിക്കാവുന്നതുമായ അക്ഷരപിശകുകളല്ല ഈ പുന: പ്രസിദ്ധീകരണത്തിൽ വന്നിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ തോന്നിപ്പോകുന്നത്.

(3) 'ദൈവ വചന പ്രകാരമുള്ള' മറുപടികൾ പലതും തന്നെ ദൈവവചനത്തെയും, സാമാന്യ ബുദ്ധിയെയും നിരാകരിച്ചുകൊണ്ടുള്ളതാണ്. ഉദാഹരണത്തിന് ആറാമത്തെ ഉത്തരത്തിൽ ഇങ്ങനെ പറയുന്നു ഒനേസിഫോറസ് (ഒനേസിമോസ്) നെക്കുറിച്ചു പറഞ്ഞിരിക്കുന്നതു 2 തിമോഥി 1: 6-8 വരെയുള്ള വാക്യങ്ങളില്ല ഫിലമോന്റെ ലേഖനം 8-22 വരെയുള്ള വാക്യങ്ങളിലാണു ഫിലിമോന്റെ ദാസനായ ഒനേസിമോസ്.....' ഇവിടെ ലഘുലേഖയിലെ വാക്യത്തെ (2 തിമോത്തി 1: 16-18) തെറ്റായിട്ട് (2 തിമോഥി 1: 6-8) ഉദ്ധരിക്കയും ഒനേസിഫോറസിനെ, ഒനേസിമോസ് ആയി തെറ്റിധരിക്കുകയും ചെയ്തുകൊണ്ട് ലഘുലേഖ എഴുതിയ ആളിനു തെറ്റുപറ്റിയെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ മറുപടി എഴുതിയ ആളിന് ഒനേസിഫോറസിനെക്കുറിച്ച് അറിയുകപോലുമില്ല എന്നു വ്യക്തമാകുന്ന വാക്കുകളാണിവ. ദയവായി 2തിമോത്തി 1: 16-18 വാക്യങ്ങൾ വായിച്ച് ഒനേസിഫോറസ് എന്നയാളിനെക്കുറിച്ച് അറിയുക.

(4) മലയാള ഭാഷയിൽ 'പരിശുദ്ധൻ' എന്ന പദവും 'വിശുദ്ധൻ' എന്ന പദവും വ്യത്യസ്ത സൂചനകളോടെ ഉപയോഗിക്കാമെങ്കിലും, പുതിയ നിയമത്തിന്റെ മൂല ഭാഷയായ ഗ്രീക്കിൽ, ദൈവത്തിനും മനുഷ്യർക്കും ഒരു പോലെ വിശേഷണമായി 'പരിശുദ്ധൻ' എന്നർത്ഥമുള്ള 'ഹാഗിയോസ്' ആണുപയോഗിച്ചിരിക്കുന്നത് അപ്പോൾ 'പരിശുദ്ധൻ' എന്ന വിശേഷണം ദൈവത്തിനും മനുഷ്യർക്കും ഉപയോഗിക്കും എന്നു വ്യക്തം. എന്നാൽ ദൈവത്തിന്റെ വിശുദ്ധിയ്ക്കു തുല്യമായി മനുഷ്യർക്കാർക്കും വിശുദ്ധി അവകാശപ്പെടാനാവില്ല എന്നത് ആരും സമ്മതിക്കുന്ന കാര്യമാണ്. മാമോദീസാ സ്വീകരിച്ചവരെ വിശുദ്ധർ (പരിശുദ്ധൻ) 'ഹാഗി യോയ്' എന്നു പുതിയനിയമം വിശേഷിപ്പിക്കുമ്പോഴും അതവരുടെ സ്വന്തമായ വിശുദ്ധിയായിട്ടല്ല പ്രത്യുത ദൈവം നൽകുന്ന വിശുദ്ധിയായിട്ടാണ് അർത്ഥമാക്കുന്നത്. ഇതുപോലെ, സ്ഥാനത്തിനും, വിളിക്കും അനുസൃതമായി ദൈവം നൽകുന്ന വിശുദ്ധരായിട്ടാണ് അർത്ഥമാകുന്നത്. ഇതുപോലെ, സ്ഥാനത്തിനും വിളിക്കും അനുസൃതമായി ദൈവം നൽ കുന്ന വിശുദ്ധിമാത്രമേ 'പരിശുദ്ധ' പിതാക്കന്മാർക്കും 'വിശുദ്ധന്മാർക്കും' ഉള്ളുവെന്നതിൽ ആർക്കും സംശയം വേണ്ട.

(5) ലേഖകന്റെ മറുപടിയിൽ പറയുന്ന ഒരു വാചകം (പേജ് 15 മൂന്നാം ഖണ്ഡിക) ഇവിടെ ഉദ്ധരിക്കുന്നു. 'ക്രിസ്തുവിൽ മരിച്ചവരും ക്രിസ്തുവിൽ ജീവിച്ചിരിക്കുന്നവരുമായ വിശുദ്ധന്മാരും ദൈവസഭകളുടെ അംഗങ്ങളാണെന്നുള്ളതു തർക്കമറ്റ സംഗതിയാണ്' സഭയുടെ അംഗങ്ങളാണ് ക്രിസ്തുവിൽ മരിച്ചവരെങ്കിൽ, സഭാംഗങ്ങളുടെ പ്രഥമവും, പരസ്പരവുമായ ധർമ്മം എന്ന പ്രാർത്ഥന അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ച് വെളിപ്പാടു പുസ്തകം 7-ാം അധ്യായം 15-ാം വാക്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

'അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു' (ഇത് ഏഴാം മുദ്രപൊട്ടിക്കുന്ന, ലോകത്തിന്റെ അവസാനത്തിനു മുമ്പ് നടക്കുന്ന കാര്യമാണെന്നു പ്രത്യേകം ഓർക്കുക). ഈ ആരാധനയുടെ അനുഭവത്തിൽ ആകുന്നതിനെയാണ് വി. പൗലൂസ് 'വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു

**താബോറിലെ താപസവര്യൻ പാമ്പാടിത്തിരുമേനി–** സമ്പൂർണ്ണ സമഗ്ര ജീവചരിത്രം. ചതുർവർണ്ണ കവർ. ഓഫ്സെറ്റച്ചടി. 150 പേജ് 30 രൂപ. പ്രകാശനം ഏപ്രിൽ 4-ന്. ഗ്രന്ഥകർത്താവ്. കെ.വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ളിഷേഴ്സ്, മാങ്ങാനം, കോട്ടയം 18.

**മലങ്കര അന്ത്യോക്യാബന്ധം** ഡോ. തോമസ് മാർ അത്താനാസ്യോസ്-മൂവാറ്റുപുഴ-20 ലക്ഷം സഭാംഗങ്ങളും വായിക്കേണ്ട മികച്ച ചരിത്ര വിശദീകരണ ഗ്രന്ഥം. 10 രൂപ മാത്രം. വിതരണം. കെ.വി. മാമ്മൻ കോട്ടയ്ക്കൽ പബ്ളിഷേഴ്സ്, മാങ്ങാനം, കോട്ടയം 18 ഫോൺ 578936-കോഡ് 0481

കൂടാതെ **"മലങ്കരസഭയിലെ കാതോലിക്കാമാർ"** 140 രൂപയ്ക്ക് ഇപ്പോൾ നൽകുന്നു 752 പേജ്, ഓഫ്സെറ്റച്ചടി, സചിത്ര കളർ കവർ.



കാംക്ഷയുണ്ട് അതു അത്യുത്തമമല്ലോ' (ഫിലിപ്പിയർ 1:23) എന്നും 'ശരീരം വിട്ടു കർത്താവിനോടുകൂടെ വസിച്ച് (2 കൊരി 5:8) അവനെ പ്രസാദിപ്പിക്കുന്ന കാര്യമായിട്ടും പറയുന്നത്.

(6) 'മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും ചില സഭകളുടെ വചന വിരുദ്ധമായ തെറ്റായ പഠിപ്പിക്കലാണ്. ഇങ്ങിനെയുള്ള സഭകൾക്ക് തന്നെ ഒരേ വിഷയത്തിൽ തന്നെ പലതിലും പൊരുത്തപ്പെടാൻ കഴിയുന്നില്ല. ഈ കാര്യം ലേഖന കർത്താവുതന്നെ സമ്മതിക്കുന്നു.

'വചന വിരുദ്ധമായ തെറ്റായ പഠിപ്പിക്കൽ' എങ്കിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കരുതെന്ന് വചനം പറഞ്ഞിട്ട് അതിനെതിരെ പ്രവർത്തിക്കുന്നതായിരിക്കണം. എന്നാൽ വചനത്തിൽ എങ്ങും അങ്ങനെ ഒരു കല്പനയില്ല. നേരേമറിച്ച്, എല്ലാ വിശുദ്ധന്മാർക്കു വേണ്ടിയും പ്രാർത്ഥിക്കണം എന്നും, ഇടവിടാതെ പ്രാർത്ഥിക്കണമെന്നും വചനം പറയുന്നു അതാണ് സഭയിൽ നിലനിൽക്കുന്നത്.

'ഒരേ വിഷയത്തിൽ തന്നെ പലതിലും പൊരുത്തപ്പെടാൻ കഴിയുന്നില്ല' എന്ന അവസ്ഥ, നവീകരണ വിഭാഗങ്ങളിലാണ് കൂടുതൽ എന്നുള്ളതിനോട് മരുഭൂമിയിലെ ദൈവശബ്ദത്തിന്റെ ലേഖകനും വിയോജിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

(7) ലേഖകൻ രണ്ടാം നമ്പരായി മറുപടിയിൽ ഇങ്ങനെ പറയുന്നു 'എഫെ 2:20-22 ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും വാങ്ങിപ്പോയി. എങ്കിലും ദൈവസഭയുടെ പണി ഇന്ന് നടന്നുകൊണ്ടിരിക്കുന്നു' ഈ പ്രസ്താവനയുടെ സൂചന, അപ്പൊസ്തലന്മാർ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ്. പുതിയ നിയമം പരിശോധിച്ചാൽ 'അപ്പൊസ്തലന്മാർ' എന്ന ഒരു പദവിയും വിളിയും പന്ത്രണ്ട് അപ്പോസ്തോലന്മാർക്ക് പ്രത്യേകമായിട്ടുണ്ടായിരുന്നുവെന്നു കാണാം. അതുകൊണ്ടാണല്ലോ, യൂദായ്ക്കു പകരം മത്ഥിയാസിനെ തെരഞ്ഞെടുത്തതുതന്നെ യേശുക്രിസ്തു മൂലക്കല്ലും, പന്ത്രണ്ട് അപ്പോസ്തലന്മാർക്കും ആദിമസഭാ പ്രവാചകന്മാരും എന്ന അടിസ്ഥാനക്കല്ലുകളും എല്ലാക്കാലത്തേക്കും ഉള്ളതുതന്നെയാണ്. മാറിമാറിവരുന്ന അപ്പോസ്തലന്മാരും മാറിമാറി വരുന്ന അടിസ്ഥാനങ്ങളും ആണ് സഭയ്ക്കുള്ളത് എങ്കിൽ സഭ പണിയപ്പെടുകയില്ല. അങ്ങനെയെങ്കിൽ മൂലക്കല്ലായ ക്രിസ്തുവും മാറിമാറി വരുന്നതായി പറയേണ്ടി വരുമല്ലോ. മൂലക്കല്ലായ ക്രിസ്തു സജീവമായി സ്ഥിതിചെയ്യുന്നു വെങ്കിൽ ക്രിസ്തുവിൽ നിദ്രകൊണ്ട അപ്പോസ്തലന്മാരും മറ്റും അവിടത്തോടൊപ്പം ജീവിക്കുന്നു, കാരണം വിശ്വാസികൾ ക്രിസ്തുവിൽകൂടി നിത്യജീവനിലേക്ക് പ്രവേശിച്ചവരാണ് 'അവൻ (ക്രിസ്തു) മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസാംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ (റോമ 6:10,11).

(8) ക്രിസ്തുവിൽ വാങ്ങിപ്പോകുന്നവർ ഏതവസ്ഥയിലേക്ക് പ്രവേശിക്കുന്നു എന്നതിനെക്കുറിച്ചാണ് 'സ്ഥലകാല പരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്' എന്ന് പറഞ്ഞിട്ടുള്ളത് ലോകപ്രകാരമുള്ള മരണം അഥവാ വാങ്ങിപ്പോകലിനെ, 'നിദ്ര'യെന്നും, 'വിശ്രമം' എന്നും പുതിയ നിയമം വിശേഷിപ്പിച്ചിട്ടുണ്ട് പക്ഷേ ആ 'നിദ്രയിൽകൂടി അഥവാ 'വിശ്രമ'ത്തിൽകൂടി അവർ ആയിത്തീരുന്ന അവസ്ഥ, ക്രിസ്തുവിനോടുകൂടെ ഇരിക്കുന്നതും, (ഫിലിപ്പി 1:23) ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നതും (2 കൊരി 5:9) ക്രിസ്തുവിനെ കേട്ടു മനം തിരിയുന്നതും (1പത്രോസ് 4: 6) ദൈവത്തെ ആരാധിക്കുന്നതും (വെളി:7:15) ആണ്.

(9) ചുരുക്കത്തിൽ വാങ്ങിപ്പോകുന്നവർ ക്രിസ്തുവിലുള്ള ജീവിതം തുടരുന്നുവെന്നും അവർ പ്രാർത്ഥിക്കുന്നവരെന്നും കൃപയിൽ വളരുന്നുവെന്നും ഉള്ളത് വേദപുസ്തകാടിസ്ഥാനത്തിലുള്ള വിശ്വാസമാണ്. വിശ്വാസികളുടെ പരസ്പര ധർമ്മം പ്രാർത്ഥനയായതുകൊണ്ട്, വാങ്ങിപ്പോയവർക്കും ഈ ധർമ്മത്തിൽ പങ്കാളിത്തം ഉണ്ട് (പ്രാർത്ഥിക്കുന്നത് ലോകനന്മകൾക്കു വേണ്ടി മാത്രമല്ല, കൃപയിൽ വളരുന്നതിനാണ്) അവസാന ന്യായവിധി വരെയും ഈ വളർച്ചയ്ക്കു പ്രസക്തിയുണ്ട് അതു വരെയും ക്ഷമിക്കപ്പെടാതെയുള്ളതിനെയാണ് ന്യായവിധിയിലേക്ക് കൊണ്ടുവരുന്നത് വിശുദ്ധരായവർ വാങ്ങിപ്പോയിട്ടും സജീവരാകയാൽ, യേശുക്രിസ്തുവാകുന്ന ഏകമധ്യസ്ഥന്റെയടുക്കൽ ലോകത്തിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചുകൊണ്ടിരിക്കും. ഉദാഹരണത്തിന് ക്രിസ്തുവിനോടുകൂടെ ഇരിക്കുന്ന പൗലൂസ് ശ്ലീഹാ ഫിലിപ്പിയർക്കുവേണ്ടി നടത്തിയ താഴെക്കാണുന്ന പ്രാർത്ഥന നിർത്തിക്കളയുമെന്ന് വചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ആർക്കെങ്കിലും പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല.

'നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ച്ചയ്ക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു'

(10) 'വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നു പുതിയ നിയമത്തിൽ കൽപന തന്നിട്ടില്ല എന്നു ബഹു: അച്ചൻ സമ്മതിക്കുന്നല്ലോ' എന്ന് ചേർത്തിരിക്കുന്നത് വിശദീകരണം വേണ്ടതാണ്. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്ന് പുതിയ നിയമത്തിൽ കല്പന ഇല്ല. അതേയവസരത്തിൽ 'ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല' (യോഹ 11: 26) എന്ന് ക്രിസ്തുപറയുന്നു മരിക്കാതെ ജീവനിൽ തുടരുന്നവരുടെ പരസ്പരം ധർമ്മം പ്രാർത്ഥനയാണെന്നു വചനം പഠിപ്പിക്കുന്നു 'എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വീൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തു യേശുവിൽ ദൈവേഷ്ടം' (1 തെസ്സലോനിക്യർ 5:17.18) അപ്പോൾ, വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വചനാനുസൃതമായ സഭാധർമ്മം ആണെന്നു വ്യക്തം. ആദിമ നൂറ്റാണ്ടു മുതലേയുള്ള ആരാധനാക്രമങ്ങൾ സഭയിലുണ്ട്. അവയിൽ എല്ലാം തന്നെ വാങ്ങിപ്പോയവരെ ഓർത്തു പ്രാർത്ഥിക്കുന്ന ഭാഗങ്ങൾ ഉണ്ട്.

(11) 1 പത്രോസ് 4: 6, 3: 19 എന്നീ ഭാഗങ്ങൾ വാങ്ങിപ്പോയവരെക്കുറിച്ചല്ല എന്ന്

മനസ്സിലാക്കുക എന്നു മാത്രം പറഞ്ഞാൽ ഉത്തരമായില്ലല്ലോ (പേജ് 17 11-ാംനമ്പരിലുള്ള കുറിപ്പ്) പിന്നെ ആരെക്കുറിച്ചും, ഏതവസ്ഥയെക്കുറിച്ചും ആണെന്ന് പറയേണ്ടതായിരുന്നു.

(12) ലൂക്കോസ് 23: 43 ൽ പറയുന്ന, പറുദീസാ 'വിശ്രമസ്ഥലമാ'ണെന്നു സ്ഥാപിക്കുമ്പോൾ തന്നെ, വിശ്രമത്തിലെ സജീവാവസ്ഥ അതിൽ വ്യക്തമാണ്. വിശ്രമം എന്നു പറഞ്ഞാൽ ലോകപ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുന്ന കൂടുതൽ ഉന്മേഷം പ്രാപിക്കുന്ന സജീവാവസ്ഥയെന്നാണ് അർത്ഥമാക്കേണ്ടത്.

(13) യോഹന്നാൻ 11:26 നെക്കുറിച്ച് കൊടുത്തിരിക്കുന്ന വ്യാഖ്യാനം (പേജ് 16, 8-ാം കുറിപ്പ്) കർത്താവിന്റെ വരവിലെ സംഭവങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, അവിടുത്തെ വരവിൽ മാത്രം ജീവിക്കും എന്നു മാത്രമാണ് കരുതുന്നുവെങ്കിൽ ക്രിസ്തുവിന്റെ വരവുവരെയും ഉള്ള അവരുടെ ജീവിതത്തിന് ഒരു പ്രത്യേകതയുമില്ലല്ലോ? ലാസറിനെ ഉയിർപ്പിക്കേണ്ട ആവശ്യവും ഇല്ലായിരുന്നല്ലോ? നേരേമറിച്ച്, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, മരണത്തിനതീതരായി ജീവിക്കുന്നുവെന്നും, അവരുടെമേൽ ജഡസംബന്ധമായ മരണത്തിന്, ഇനിയും അധികാരം ഇല്ലെന്നും വ്യക്തമാക്കുന്നതാണ് യോഹ 11: 26. ഈ വസ്തുതയെ ദൃഷ്ടാന്തപ്പെടുത്താനാണ് ലാസറിനെ ഉയിർപ്പിച്ചതും.

(14) സങ്കീർത്തനം 115: 17ന്റെ സൂചന എന്തെന്ന് മനസിലായിട്ടും അതു സമ്മതിച്ചുപോയാൽ ഇതുവരെയും ആ വാക്യം ഉപയോഗിച്ചത് അബദ്ധമായിട്ടാണെന്ന് വരുമെന്നുള്ളതുകൊണ്ട്, ഒരു ഉരുണ്ടുകളി നടത്തിയിരിക്കുന്നത് വിചിത്രമായി തോന്നുന്നു: 17-ാം പേജിൽ 14-ാം കുറിപ്പു ശ്രദ്ധിക്കുക.

സങ്കിർത്തനം 115: 17 ൽ പറഞ്ഞിരിക്കുന്ന മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും എന്നുള്ളതു ലേഖന കർത്താവിന്റെ ചിന്തയിൽ പാപത്തിൽ മരിച്ചിരിക്കുന്ന ലോകജാതികൾ ആണെങ്കിൽ തന്നെയും സങ്കീർത്തനം 115:18 ൽ 'നാമോ ഇന്നു മുതൽ എന്നേക്കും യഹോവയെ വാഴ്ത്തും' എന്നും രേഖപ്പെടുത്തിയിരിക്കുന്നതു പാപത്തിൽ നിന്നും വിടുതൽ പ്രാപിച്ച ജീവനോടെ ഭൂമിയിൽ ഇരിക്കുന്ന ദൈവ ജനത്തെപ്പറ്റിയാണു അല്ലാതെ മരിച്ചുപോയവരെപ്പറ്റിയല്ല ഒരു ചോദ്യം ഭൂമിയിൽ ഇരിക്കുന്ന ദൈവജനം എങ്ങനെയാണ് 'എന്നേക്കും' യഹോവയെ വാഴ്ത്തുന്നത്? 'എന്നേക്കും' എന്നതിന് അർത്ഥമുണ്ടാകണമെങ്കിൽ ഭൂമിയിൽ നിന്ന് വാങ്ങിപ്പോയിട്ടും വാഴ്ത്തുന്ന അവസ്ഥയായിരിക്കണം എന്ന് വ്യക്തം.

□


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, **M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)




# ശുശ്രൂഷകരുടെ സ്ഥാനം അദ്വിതീയം


**ജോൺ സി. ജോൺ കല്ലുപ്പാറ, വൈദികസെമിനാരി**


സഭയിൽ നൂറ്റാണ്ടുകളായി ശുശ്രൂഷ നടത്തുന്ന ശെമ്മാശന്മാരല്ലാത്ത അയ്മേനികളുടെ സേവനം വിലപ്പെട്ടതാണ്, പ്രതിഫലേച്ഛ കൂടാതെ ചെയ്യുന്ന ശുശ്രൂഷ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോൾ ലഭ്യമാകുന്ന സന്തോഷവും അത്മസംതൃപ്തിയും അവാച്യമാണ്. സഭയോടുള്ള ഭക്തിയും താൽപര്യവും കൂറും നിമിത്തം ബാല്യം മുതൽ വാർദ്ധക്യം വരെ ശുശ്രൂഷ ചെയ്യുന്നവരുണ്ട്. കേരളത്തിനു പുറത്ത് അല്ലെങ്കിൽ ഭാരതത്തിനു പുറത്ത് ഇടവകകളിലും കോൺഗ്രിഗേഷനുകളിലും അവശ്യസന്ദർഭങ്ങളിൽ വൈദികരുടെ നിർബന്ധത്തിനു വഴങ്ങിയോ, സ്വന്തതാൽപര്യത്താലോ ശുശ്രൂഷക്കാരാകുന്നവർ പിന്നീട് വിദൂരദേശങ്ങളിൽ സഭാവിശ്വാസത്തിന്റെ വക്താക്കളായി ആത്മാർത്ഥമായി പ്രവർത്തിക്കുന്നത് പ്രശംസനീയമാണ്.

**I വിവിധ ശുശ്രൂഷകൾ വേദപുസ്തകത്തിൽ**

(i) മേശയിൽ ശുശ്രൂഷിക്കുക:- ഭക്ഷണം വിഭജിച്ചുകൊടുക്കുക എന്നതിന് ശുശ്രൂഷ എന്ന് ഉപയോഗിച്ചിട്ടുണ്ട് (അ:പ്ര: 6:1)

(ii) സ്നേഹപ്രേരിതമായി നടത്തുന്ന സേവനം:- സ്തേഫാനോസിന്റെ കുടുംബം വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്കു തങ്ങളെത്തന്നേ ഏൽപിച്ചു. 1 കൊരി: 16:13, 14, 15; വെളി: 2: 19)

(iii) സഭയുടെ വിവിധ മണ്ഡലങ്ങളിൽ ആത്മീക വർദ്ധനവിനായി ചെയ്യുന്ന സേവനം ശുശ്രൂഷയാണ് (എഫേ 4: 11-13, 1: കൊരി: 12: 4)

(iv) വചനം പ്രസംഗിക്കുന്നത് ശുശ്രൂഷയാണ്. (റോമർ: 12: 7, അപ്ര: 6: 4)

(v) ഒരു സുവിശേഷകന്റെ ദൗത്യവും ശുശ്രൂഷയാണ് (2 തീമോ- 4: 5)

**II സഭാപാരമ്പര്യത്തിൽ - ശുശ്രൂഷകൻ**

ആരാധനയ്ക്ക് കാർമ്മികനെ സഹായിക്കയും, വിശ്വാസികൾക്ക് പ്രബോധനം നൽകുകയും, വിശ്വാസികൾക്കും കാർമ്മികനുമിടയിൽ ഒരു ചാലകശക്തിയായി പ്രവർത്തിക്കുന്നയാളുമാണ് ശുശ്രൂഷകൻ, മാലാഖമാരുടെ പ്രതീകമായിട്ടാണ് ശുശ്രൂഷകൻ ആരാധനയിൽ സംബന്ധിക്കുന്നത്. ശുശ്രൂഷകൻ ധരിക്കുന്ന നീണ്ട വെളുത്ത കുപ്പായം പൗരോഹിത്യസ്ഥാനികൾ എല്ലാവരും അവരുടെ അംശവസ്ത്രത്തിന്റെ ഭാഗമായി ധരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. സഭയുടെ നൂറ്റാണ്ടുകളായുള്ള വളർച്ചയിൽ ശുശ്രൂഷക്കാരുടെ അധികാരവും സേവനവും വിവിധ തലങ്ങളിലായിത്തീർന്നു. ഇന്നും അതിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെങ്കിലും അതിന്റെ ഇപ്പോഴത്തെ സ്ഥാനത്തെപ്പറ്റി സമഗ്രമായ അപഗ്രഥനം അത്യന്താപേക്ഷിതമാണ്.

**III നിലവിലുള്ള അവസ്ഥ**

ഏറ്റവും മുമ്പിൽ മദ്ബഹായിൽ കിഴക്കോട്ട് അഭിമുഖമായി നിന്ന് പ്രാർത്ഥിക്കുന്ന അഥവാ പ്രാർത്ഥന നയിക്കുന്ന പുരോഹിതനോടൊപ്പം ആരാധനയ്ക്കിടയിൽ ശുശ്രൂഷകരെ പരിശീലിപ്പിക്കുന്നതിനുള്ള അവസരമില്ലാത്തതിനാലും തിരശീലയ്ക്ക് 'മറശീല'യുടെ സൗകര്യമുള്ളതിനാലും ചില അവസരങ്ങളിലെങ്കിലും ശുശ്രൂഷകർ അലോരസരായും അലസചിത്തരായും കാണാറുണ്ട്. ശ്രേഷ്ഠമായ ആരാധന മനോഹരമായി വൈദികൻ ചൊല്ലിയാലും അവയ്ക്ക് ഭംഗിയായി നേതൃത്വം കൊടുക്കുന്ന ശുശ്രൂഷക്കാരുണ്ടെങ്കിലേ ആരാധനയിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുകയുള്ളൂ.

ജനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുമ്പോൾ മാത്രമേ ആരാധന സമ്പൂർണ്ണമാവുകയുള്ളൂ.

നന്നായി ഇടവായനകൾ വായിക്കുകയും, പാട്ടുകൾ ജനങ്ങൾ കൂടി പാടത്തക്കവണ്ണം നയിക്കുകയും, മദ്ബഹായിൽ വലിയ ഓട്ടപ്രദക്ഷിണങ്ങൾ നടത്താതെ, വലിയ ബഹളങ്ങളോ അംഗചേഷ്ടകളോ ഇല്ലാതെ, ശാന്തമായി നിന്ന് ജനങ്ങൾക്കു കൂടി പങ്കെടുക്കത്തക്കവണ്ണം നേതൃത്വം കൊടുക്കുന്ന ശുശ്രൂഷക്കാർ ഭക്തിയും ചിട്ടയും നിഷ്ഠയുമുള്ള ശുശ്രൂഷക്കാരെ ആദരിക്കണം.

**ചില നിർദ്ദേശങ്ങൾ**

1. ശുശ്രൂഷക്കാർക്കുവേണ്ടി സോൺൽ അടിസ്ഥാനത്തിലോ, ഭദ്രാസനതലത്തിലോ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.

2. പുതുതായി ശുശ്രൂഷക്കാരെ മദ്ബഹായിൽ കയറ്റുമ്പോൾ അവരവരുടെ സാഹചര്യങ്ങൾ പരിഗണിച്ച് അതാത് ഭദ്രാസനത്തിൽപ്പെട്ട യുക്തമെന്നു തോന്നുന്ന ആശ്രമത്തിൽ (അല്ലെങ്കിൽ സ്ഥാപനത്തിൽ) ഒരാഴ്ചയെങ്കിലും പരിശീലനത്തിന് അയയ്ക്കുക.

3. പുതിയ സഹസ്രാബ്ദത്തിൽ ധാർമ്മിക ജീവിതമുള്ളവരെ മാത്രമേ പുതിയ ശുശ്രൂഷകരായി അവരോധിക്കാവൂ എന്ന നയം പാലിക്കപ്പെടണം.

4. മദ്ബഹായിൽ നിശ്ചിത സമയത്ത് ശുശ്രൂഷ നടത്തുന്നവർ എന്നതിനേക്കാൾ ഉപരിയായി സണ്ടേസ്ക്കൂൾ, അദ്ധ്യാത്മീക സംഘടനകൾ എന്നിവയിൽ സജീവമായി നേതൃത്വം കൊടുക്കുന്ന ശുശ്രൂഷകരായി വളരണം.

5. ദീർഘകാലം ഭംഗിയായി ശുശ്രൂഷ നിർവഹിച്ചവരെ ആദരിക്കുന്നതിനെപ്പറ്റി ചിന്തിക്കുക.

○


## MATRIMONIAL

ഓർത്തഡോക്സ് സഭയിലെ നല്ല സാമ്പത്തിക ഭദ്രതയുള്ള ശെമ്മാശന് (27.160 cm. White, B.A, B.D, G.S.T, Computer Programming, Type Higer ) B.Ed, T.T.C. ബിരുദധാരികളായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Box No. 248
Malankara Sabha
Devalokam P.O., Kottayam-38

# 'വെള്ള'ത്തിന്റെ ഒഴുക്കു തടയുമ്പോൾ

ഓർത്തലൈൻ ന്യൂസ് സർവ്വീസ്

*ഹിന്ദുമത പരിഷ്കർത്താക്കൾ എന്തിനൊക്കെ വേണ്ടിയാണോ പോരാടിയത്, അതിനു നേരെ വിപരീതമായ കാര്യങ്ങൾക്കു വേണ്ടിയാണ് സംഘപരിവാർ നേതൃത്വത്തിലുള്ള ഹൈന്ദവ ഫാസിസ്റ്റുകൾ ശ്രമിക്കുന്നത്. അതിനുദാഹരണമാണ് വാട്ടർ എന്ന ചലച്ചിത്രത്തിന്റെ ചിത്രീകരണം നടത്താൻ അനുവദിക്കാത്ത വർഗീയ ശക്തികളുടെ നടപടി. ദീപമേത്തയുടെ 'വെള്ളം' ചിത്രീകരണത്തെച്ചൊല്ലി ഉണ്ടായ വിവാദങ്ങളുടെ വസ്തുതകളെപ്പറ്റി ഒരു അന്വേഷണം.*

പ്രശസ്ത ചലച്ചിത്ര സംവിധായിക ദീപമേത്തയുടെ 'വെള്ളം (Water) എന്ന സിനിമയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾക്ക് തത്ക്കാലം വിരാമമായിരിക്കുകയാണ്. 'വെള്ളം' എന്ന സിനിമ ഉണർത്തുന്ന ചിന്തകൾക്കും, സംഘപരിവാറിന്റെ ആശീർവ്വാദത്തോടെയുള്ള പ്രതിരോധ കലാപങ്ങൾക്കും വളരെയേറെ സാമൂഹ്യ-രാഷ്ട്രീയ മാനങ്ങളുണ്ട്.

സ്ത്രീകളുടെ പ്രശ്നങ്ങൾ എല്ലാ മതങ്ങളിലും പല രൂപങ്ങളിൽ നിലനില്ക്കുന്നുണ്ട്. ഹൈന്ദവ സമൂഹത്തിൽ, പ്രത്യേകിച്ച് ബ്രാഹ്മണർ സ്ത്രീകളോടുകാട്ടിയിരുന്ന മനുഷ്യത്വരഹിതമായ നടപടികൾ വളരെയേറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. ഇതേപ്പറ്റി പല കലാസാഹിത്യ സൃഷ്ടികളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ഹൈന്ദവ നവോത്ഥാന നായകനായ റാം മോഹൻ റായിയുടെ ശ്രമഫലമായി 'സതി' നിർത്തലാക്കിയത് നമുക്കറിവുള്ളതാണ്. സാമൂഹ്യ പരിഷ്കർത്താക്കളുടെ ശ്രമഫലമായി സ്ത്രീകളുടെ സ്ഥിതിയിൽ മാറ്റം വന്നിട്ടുമുണ്ട്. എന്നാൽ വെളിച്ചം എത്താത്ത പല സ്ഥലങ്ങളുമുണ്ട്. പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ (മുഖ്യമായി തീർത്ഥാടന കേന്ദ്രങ്ങളിൽ). പുണ്യ നഗരമായ വരാണസി വൃത്തികേടുകൾക്കും കുറ്റകൃത്യങ്ങൾക്കും പേരെടുത്തിട്ടുള്ളതാണ്. അവിടെ നാനാഭാഗത്തുനിന്നുള്ള വൃദ്ധരും വിധവകളും രോഗികളും, ദരിദ്രരും അടിഞ്ഞു കൂടുന്നു. അവരിൽ കുറേപേർ വേശ്യകളും കുറ്റവാളികളും ആയി മാറുന്നു. ചിലർ പീഡനങ്ങളേറ്റുവാങ്ങി മൂകരായി ജീവിതം കഴിക്കുന്നു.

വൈധവ്യത്തിന്റെ ദീനതകളെക്കുറിച്ചാണ് ദീപ മേത്തയുടെ വെള്ളത്തിന്റെ പ്രമേയം ഇത്തരം ധർമ സങ്കടങ്ങൾക്കു നേരെ കണ്ണടയ്ക്കാൻ ആത്മാവുള്ള ഒരു കലാകാരനും സാധ്യമല്ല. ഇന്നുള്ള സംസ്കാരശൂന്യ 'അടിപൊളി' സിനിമകൾക്കെതിരെ പ്രതികരിക്കാൻ കഴിയാത്തവർ, ഭാരത സംസ്കാരത്തിന്റെ അപ്പോസ്തോലന്മരെന്നു സ്വയം പ്രഖ്യാപിക്കുന്നവർ ഒരു സമൂഹ്യപ്രശ്നം കൈകാര്യം ചെയ്യുന്ന കലാരൂപത്തിനുനേരെ ഉയർത്തുന്ന പ്രതിഷേധങ്ങൾ അങ്ങേയറ്റം കാടുത്തമാണ്.

"നാരികൾ പൂജിക്കപ്പെടുന്ന രാജ്യത്തിൽ ദേവതകൾ രമിക്കുന്നുവെന്നു പാടി നടക്കേണ്ടവരല്ലേ ഹിന്ദുകൾ? പരിഷ്ക്കാരത്തിലേക്കു നയിക്കാവുന്ന വിധവാ ചിത്രീകരണമല്ല, ചിത്രീകരണത്തിനെതിരേയുള്ള പ്രാകൃത പ്രതികരണമാണു ഹിന്ദുക്കളെ നാഗരിക ലോകത്തിനു മുമ്പിൽ തലകുനിച്ചു നിൽക്കേണ്ട ഗതികേടിലെത്തിക്കുന്നത്" സംഘപരിവാരത്തോട് ആഭിമുഖ്യമുള്ള പ്രമുഖ ചരിത്രകാരൻ എം. ജി. എസ്. നാരായണൻ പറയുന്നു.

കപട ഹിന്ദുത്വവാദികളുടെ പിടിയിലകപ്പെട്ട കാശി ജനതയുടെ ഫാസിസ്റ്റ് മര്യാദകളാണ് 'വെള്ള'ത്തിന്റെ ചിത്രീകരണം നിർത്തി വയ്ക്കുന്നതിൽ കലാശിച്ചത്. കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ വകുപ്പുമന്ത്രി രണ്ടാമതും ചിത്രീകരണാനുമതി നല്കിയിട്ടും. വിശ്വഹിന്ദു പരിഷത് തലവൻ അശോക് സിംഗാൾ വരാണസിയിൽ ക്യാമ്പ് ചെയ്തുതന്നെ ചിത്രീകരണം അട്ടിമറിക്കുകയായിരുന്നു. വിശാല'ഹിന്ദുത്വ കാഴ്ചപ്പാടിനപ്പുറം ഉത്തർ പ്രേദശ് ഗവൺമെന്റിനു ചില പ്രത്യേക രാഷ്ട്രീയ തത്പര്യങ്ങൾ ഇക്കാര്യത്തിലുണ്ടായിരുന്നു. വിവിധ കാരണങ്ങളാൽ സർക്കാരിന്റെ പ്രതിച്ഛായക്കു മങ്ങലേറ്റിരിക്കുന്ന സമയത്ത്, പ്രത്യേകിച്ച് ഉന്നത ജാതിക്കാരുടെ ഇടയിൽ സ്വാധീനം വർധിപ്പിക്കാൻ ഒരു വൈകാരിക പ്രശ്നം ബി.ജെ.പി. സംസ്ഥാന ഘടകം നോക്കിയിരിക്കുകയായിരുന്നു 'വെള്ളം' അതിനുള്ള സാഹചര്യമൊരുക്കി.

പ്രധാനമന്ത്രി വാജ്പേയിക്കെതിരയുള്ള രാഷ്ട്രീയ ചതുരംഗക്കളിയിൽ തീവ്രഹിന്ദുത്വ വാദികളുടെ ഒരു കരു മാത്രമാണ് ദീപ മേത്തയെന്ന് ബി.ജെ. പി. യിലെ ഒരു വിഭാഗം സംശയിക്കുന്നു.

'സ്വദേശി'യും 'രാമജന്മഭൂമി'യും ബി.ജെ.പി. കേന്ദ്ര സമിതി തീരുമാനത്തിൽ പാർട്ടിയിലെ തീവ്രവാദികൾക്കു അതൃപ്തിയുണ്ട്.

'വെള്ള' ത്തിന്റെ യഥാർത്ഥ തിരക്കഥ തിരുത്തി വിതരണം ചെയ്യുകയും ചലച്ചിത്രവുമായി ബന്ധപ്പെട്ട വ്യക്തികളെപ്പറ്റി തെറ്റായ കഥകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ സംഘപരിവാർ വിജയിച്ചു. "വാരാണസിയിലെ വിധവാഭവനം ഒരു വേശ്യാലയമായി ചിത്രീകരിക്കയാണ് സിനിമയിൽ. എങ്ങനെ ഞങ്ങൾക്ക് ശാന്ത





## ദേവാലയ കൂദാശ

മുംബൈ: മീരാ റോഡ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ• കുദാശാ കർമ്മം നിരണം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിലും ഗീവറുഗീസ് മാർ കുറിലോസ്, ഏബ്രഹാം മാർ സേവേറിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നടത്തപ്പെട്ടു. കുദാശാനന്തരം ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതു സമ്മേളനം ഗീവറുഗീസ് മാർ കുറിലോസ് ഉദ്ഘാടനം ചെയ്തു. ഏബ്രഹാം മാർ സേവേറിയോസ്, സി. എൻ.ഐ. ബിഷപ്പ് ബി. ജോഷ്വ, വെരി. റവ. കെ. ഐ. ഫിലിപ്പോസ് റമ്പാൻ, ഫാ. സി.ജെ വറുഗീസ് എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. എം.എസ്സ്. ജോയി സ്വാഗതവും സെക്രട്ടറി കെ.യു. ഏബ്രഹാം പാമ്പാടി നന്ദിയും പറഞ്ഞു.

### EDTP RESEARCH PROGRAMME

Ecumenical Development Training programme of the Kerala Council of churches is inviting applications for a six months research programme. Preference will be given to the area of tribal studies. Other priority Areas are health issues (Geriatrics & AIDS), Dalit issues and women's studies. Researchers should have acceptable academic qualifications and previous experience of doing research in the area of study they pursue. Those who are interested may please send in their bio-data and other pertinent information to the Secretary, KCC Office, Anugraha 874/ XII, Vadavathoor P.O. Kottayam- 6860 10. (Tel. No:0481-573945) on or before March 20, 2000.

മായി ഈ ചിത്രീകരണം നോക്കിയിരിക്കാനാകും ബി. ജെ.പി. നേതാവ് വീണഭാദ്ര പറയുന്നു

കാശിയുടെ പ്രാധാന്യം നശിപ്പിക്കാനാഗ്രഹിക്കുന്ന ക്രൈസ്തവ മിഷനറിമാരുടെ ഏജന്റായിരുന്നോ ദീപ മേത്തയെന്ന് അന്വേഷിക്കണമെന്ന് ബജ്റങ്ദൾ മുൻതലവൻ വിനയ്കട്യാർ ആവശ്യപ്പെട്ടു "വിവാഹമോചിതരായ മുസ്ലീം വനിതകളുടെ പ്രശ്നങ്ങളെപ്പറ്റി എന്താണ് അവർ ചിത്രം നിർമ്മിക്കാത്തത്" അദ്ദേഹം ചോദിച്ചു.

മതാന്ധതയുടെ വേലിയേറ്റത്തിൽ മുങ്ങിപ്പോയ 'വെള്ളം' ഉയർത്തുന്ന അന്ഗിജ്വാലകൾ നമുക്കു കാണാതിരിക്കാനാകുമോ? സ്വാതന്ത്ര്യത്തിന്റെ ആത്മാവിൽ വിഹരിക്കുന്ന കലാകാരന്റെ ആത്മീയതക്കു മുമ്പിൽ നമുക്കു മുഖം തിരിച്ചു നിൽക്കാൻ സാധിക്കുമോ? □

## ഒറിസയിൽ ഭവനങ്ങൾ ഉയരുന്നു




ഒറീസാ ചുഴലികൊടുങ്കറ്റാനിനാൽ ഭവനരഹിത രായവർക്ക് മലങ്കര ഓർത്തഡോകസ് സഭയുടെ വകയായി ആരംഭിച്ച ഭവനദാനം പദ്ധത്തിക്കു തുടക്കം കുറിച്ചു. സഭയെറ്റെടുത്ത 'ഇന്ദിര ഗ്രാം' വില്ലേജിൽ ഭവന നിർമ്മണത്തിന് തുടക്കം ബഹു. ഫിലിപ്പ് റമ്പാച്ചൻ അടിസ്ഥാനശില ആശീർവദിച്ചു കൊണ്ട് നിർവഹിക്കുന്നു.

ഒരുകോടി രൂപയുടെ പദ്ധതിയ്ക്കാണ് തുടക്കമിട്ടിരിക്കുന്നത്. ഇതുവരെ 25 ലക്ഷത്തിലധികം രൂപ സംഭവനയായി ലഭിച്ചു കഴിഞ്ഞു. പ്രാരംഭം എന്ന നിലയിൽ രണ്ട് ഗ്രാമങ്ങളാണ് സഭ എറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## അഖില മലങ്കര ബസ്ക്യാമാ അസ്സോസ്യേഷൻ 22-മത് വാർഷിക സമ്മേളനം

ബസ്ക്യാമ്മാ അസ്സോസ്യേഷൻ 22-ാ മതു വാർഷിക സമ്മേളനം 2000 ഏപ്രിൽ 4.5 (ചൊവ്വ, ബുധൻ) തീയതികളിൽ കോട്ടയം മാർ ഏലിയാക ത്തീഡ്രലിൽ വച്ചു നടത്തുന്നു പ: കാതോലിക്കാ ബാവാ, അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ്, അഭിവന്ദ്യ മാത്യൂസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കും. പ്രമുഖ വൈദികർ നേതൃത്വം നല്കും. മുഖ്യവിഷയങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ആവശ്യകത , മദ്യവിമുക്ത കുടുംബം, അനുരഞ്ജനം കടുംബതലത്തിൽ. കിസ്മത്സരത്തിന് വി. മത്തായി 1-മുതൽ 28 വരെ അദ്ധ്യായം കൂടാതെ വിവിധ മത്സരങ്ങളും ഉണ്ടായിരിക്കും. സംബന്ധിക്കുന്നവർ, വി. വേദപുസ്തകം നമസ്കാര പുസ്തകം, നോട്ടു ബുക്ക് ബെഡ് ഷീറ്റു തുടങ്ങിയവ കരുതിയിരിക്കണം.





# ഡോ. സിബി തരകൻ അസിസ്റ്റന്റ് ഡയറക്ടർ



ബാംഗ്ലൂർ: എക്യൂമിനിക്കൽ ക്രിസ്ത്യൻ സെന്റർ (ഇ.സി.സി) അസിസ്റ്റന്റ് ഡയറക്ടറായി ഡോ. സിബി തരകൻ നിയമിതനായി. ഓർത്തഡോക്സ്-കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് സഭകളുടെ ഐക്യവേദിയായ ഇ.സി.സി സഭകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾക്കും ഇതരമതങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനും ഊന്നൽ നൽകുന്ന എക്യുമിനിക്കൽ പ്രസ്ഥാനമാണ്.

കേരളസർക്കാരിന്റെ ഗ്രാമവികസന വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ. സിബി തരകൻ കഴിഞ്ഞ ഒരു വർഷമായി ഇ.സി.സി പ്രോഗ്രാം സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു.

ഓർത്തഡോക്സ് യുവജന പ്രസ്ഥാനം റീജിയണൽ സെക്രട്ടറി, മാർ ഗ്രീഗോറിയോസ് സ്റ്റഡി ഫോറം കോ-ഓർഡിനേറ്റിംഗ് സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മലങ്കരസഭ, കേരളയുവത, അപ്നാദേശ് എന്നിവയുടെ പത്രിധിപ സമിതി അംഗമായിരുന്നു. സഭകളുടെ ദേശീയ കൗൺസിൽ സംഘടിപ്പിച്ച യുവജന പരിശീലന പരിപാടിയിൽ പങ്കെടുത്തു ഡിപ്ലോമ കരസ്ഥമാക്കി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. 'ചരിത്രത്തിന്റെ വെളിപാടുകൾ' എന്ന പുസ്തകവും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പള്ളം തരകൻ വീട്ടിൽ കുടുംബാംഗമാണ്. ഭാര്യ സോഫിയ, മകൻ മിഥുൻ.

**ഫോൺ നമ്പർ**

**സഭാസെക്രട്ടറി ശ്രീ. ഏ.കെ. തോമസിന്റെ പുതിയ ഫോൺ നമ്പർ 0473-443632**



പരിശുദ്ധ മാതാവിന്റേയും പരിശുദ്ധന്മാരുടെയും സഭാ പിതാക്കന്മാരുടെയും പ്രാർത്ഥന എപ്പോഴും ഉണ്ടായിരിക്കണമെ !

ഒരു വിശ്വാസി





# നമ്മുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ പുതിയ ശതാബ്ദത്തിലേക്ക്

**എം.സി. നൈനാൻ, ഇലഞ്ഞിമറ്റം**

യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. യെശയ്യാ 40: 31.

മറ്റൊരു നൂറ്റാണ്ടിലേക്ക് അഥവാ വേറൊരു സഹസ്രാബ്ദത്തിലേക്ക് നാം പ്രവേശിക്കുകയാണ് മനുഷ്യന്റെ സർഗ്ഗാത്മകശക്തി വളരെയേറെ വർദ്ധിച്ചിട്ടുള്ള ഒരു സംസ്ക്കാരത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മനുഷ്യന്റെ സാദ്ധ്യതകളും പ്രശ്നങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പ്രസ്തുത ബന്ധം കാലാനുസൃതമായി ഗ്രഹിച്ചു പ്രവർത്തിക്കുന്ന ചുമതല സഭാ പ്രവർത്തകർക്ക് ആവശ്യമത്രേ.

നമ്മുടെ ആത്മീയ പ്രസ്ഥാനങ്ങൾ അവ അർഹിക്കുന്ന നിലയിൽ വളരാത്തതിന് പലകാരണങ്ങളുണ്ട്. ക്രൈസ്തവ സഭയുടെ ആരംഭകാലത്ത് യേശുക്രിസ്തു വിശ്വാസികളുടെ കൂടെ ഉണ്ടായിരുന്നു. യേശു അവരുടെ ജീവനും എല്ലാം ആയിരുന്നു. സ്വർഗ്ഗാരോഹണശേഷവും ആദിമ സഭയിൽ തന്റെ അനുയായികളുടെ ഒരുമിപ്പും പരിശുദ്ധാത്മാവിലൂടെയുള്ള പ്രവർത്തനവും സഭാവളർച്ചയ്ക്ക് സഹായിച്ചു. പ്രസ്ഥാനങ്ങളുടെ കൂട്ടായ ശബ്ദം സഭയുടെ ശബ്ദമാകും. നമ്മുടെ പല ഇടവകകളിലും ആത്മീയ പ്രസ്ഥാനങ്ങൾ തളരുകയും ചെയ്യുന്നതിന്റെ പ്രധാനകാരണം കൂട്ടായ പ്രവർത്തന ശൈലി ഇല്ലാത്തതാണ്. അത്മീയ പ്രവർത്തകരോട് ഭരണസമിതിക്കു മതിപ്പില്ലായ്മയുണ്ടായവഴി മറിച്ചു സംഭവിക്കുന്നുണ്ടു. ഒരു സംഘടനയ്ക്കു മറ്റു സംഘടനയോട് യോജിപ്പു ഉണ്ടാകാതെ വരുന്നു. ഒരു ചരടിൽ കോർത്ത പളുങ്കുകൾ പോലെയുള്ള ഐക്യം ഉണ്ടാവണം കൂട്ടായ്മായില്ലാത്ത പ്രവർത്തനങ്ങൾ നാശത്തിനിടയാകും. ഇടവകയിലുള്ള എല്ലാ അംഗങ്ങളും പള്ളിയിലെ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൽ അംഗങ്ങളാകണം. പരിഷ്കൃത ഗവമെന്റുകൾ സാമാന്യ വിദ്യാഭ്യാസത്തിനു നൽകുന്ന നിർബന്ധം സഭയും ആത്മിക പരിശീലനത്തിന് കൊടുക്കണം. പ്രാർത്ഥനായോഗങ്ങളിൽ ആബാലവൃന്ദം ആളുകളും പങ്കെടുക്കണം. ഇടവകയെ ഭൂമിശാസ്ത്രപരമായി വിഭജിച്ച് സ്ഥലപ്പേരുമാറ്റി പുണ്യവാന്മാരുടെയോ പുണ്യമതികളുടെയോ നാമം സ്വികരിക്കുന്നത് അഭിലഷണിയമായിരിക്കും.

എല്ലാ ആത്മീയ പ്രസ്ഥാനത്തിന്റെയും പ്രധാന ചുമതല വികാരി അച്ചനിൽ നിക്ഷിപ്തമായിരിക്കണം. എന്നാൽ വൈദികരെ സഹായിക്കാനും അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അനുവർത്തിക്കാനുമായി ഒരോ ഇടവകയിലും അൻപത് പേരിൽ കുറയാത്ത ഒരു സംഘം (സമിതി) ഉണ്ടാവണം. ഏക ആത്മാവിലും ഏക അഭിപ്രായത്തിലും ഏകലക്ഷ്യത്തിലും കൂട്ടായ്മയോടെ സേവനമനുഷ്ഠിക്കാൻ തല്പരരാകണം. സണ്ടെസ്ക്കൂൾ അഭ്യസനം തികഞ്ഞവരും ദൈവത്തെയും സഭയേയും സ്നേഹിക്കാനും സേവിപ്പാനും കഴിവുള്ളവരും ആയിരിക്കണം. മാനത്തിനോ വേതനത്തിനോ വേണ്ടി ഈ ദിവ്യ ശുശ്രൂഷയ്ക്ക് ഒരുങ്ങരുത്, പള്ളിയിലെ ശുശ്രൂഷകരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ആദ്ധ്യാത്മിക പ്രവർത്തകരും ഈ സംഘത്തിൽ കൂട്ടുവേലക്കാരകണം, ക്രീസ്തീയ സമൂഹത്തിൽ നായകത്വം വഹിക്കുന്നവരുടെ ചുമതല ഏറ്റവും ഗൗരവമുള്ളതും ദുഷ്ക്കരവുമാണ്. വിശ്വാസത്തെ ആധാരമാക്കി തങ്ങൾക്കു തന്നെ ആത്മീയ വർദ്ധന വരുത്തുകയും പരിശുദ്ധത്മാവിൽ പ്രാർത്ഥിച്ചുകൊണ്ടു കർത്തൃ കൃപയ്ക്കായി കാത്തിരിക്കുകയും വേണം. സ്വന്ത ജീവിതത്തെ നിമ്മലമായി സൂക്ഷിച്ച് ആത്മീയ വർദ്ധന തേടേണ്ടതാണ്. നേതൃത്വം പരാജയപ്പെട്ടാൽ അനുയായികൾ ചിതറപ്പെടും.

> **നമ്മുടെ പല ഇടവകകളിലും ആത്മീയ പ്രസ്ഥാനങ്ങൾ തളരുകയും ചെയ്യുന്നതിന്റെ പ്രധാനകാരണം കൂട്ടായ പ്രവർത്തന ശൈലി ഇല്ലാത്തതാണ്. ഒരു ചരടിൽ കോർത്ത പളുങ്കുകൾ പോലെയുള്ള ഐക്യം ഉണ്ടാവണം കൂട്ടായ്മായില്ലാത്ത പ്രവർത്തനങ്ങൾ നാശത്തിനിടയാകും.**

നമ്മുടെ ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രകടനം കാലാനുസൃതമായിരിക്കണം. പ്രാർത്ഥനാ യോഗങ്ങളിൽ നിന്നുണ്ടാകേണ്ട ആത്മീയ ശക്തിയും വിശുദ്ധ സ്ഥിരതയും സനാതന ഗുണങ്ങളും ഒരു ക്രിസ്തീയ കുടുംബത്തിലെ അനുഭവമായിമാറണം. പരിശുദ്ധ ദേവലയത്തിലെ ആരാധനാനുഭവം പ്രാർത്ഥനാ യോഗങ്ങളിലുടെ എല്ലാവർക്കും ഉണ്ടകേണ്ടതാണ്. പ്രാർത്ഥനയും ധ്യാനവും വിശാസത്തെപ്പറ്റിയുള്ള പഠനവും അനുഭവപ്പെടണം. കാവൽക്കാരൻ ഉറക്കം തൂങ്ങുകയോ ഉറങ്ങുകയോ അരുത്. സഭാ പ്രവർത്തകർ അനുയായികളുടെ ആത്മരക്ഷ തന്റെ ഒരു പ്രധാന ഉത്തരവാദിത്വ മാണെന്നു മനസ്സിലാക്കി സൂക്ഷിക്കണം. തെറ്റ് തെറ്റായികാണാനും, നല്ലത് നല്ലതായി ദശിക്കാനും, ഉള്ള ചിന്ത ആവശ്യമാണ്. സെക്യുലർ സ്ക്കൂളുകളിലും കലാലയങ്ങളിലും വ്യവസായ ശാലകളിലും രാഷ്ട്രീയ വേദികളിലും സർക്കാരാഫീസുകളിലും പ്രവർത്തിക്കുന്നവരുടെ ശൈലിയല്ല ആദ്ധ്യാത്മിക പ്രവർത്തകർക്കുണ്ടാകേണ്ടത്. ആദ്ധ്യാത്മിക പ്രവർത്തകർ ദൈവ തിരുനാമ മഹത്വലക്ഷ്യമാക്കി സേവനോത്മകമായി പ്രവർത്തിക്കണം. □



ചങ്ങനാശ്ശേരി തെങ്ങണ ഗുഡ്ഷെപ്പേർഡ് പബ്ലിക്
സ്ക്കൂൾ 10+2 CBSC Residential ദശവത്സരാഘോഷങ്ങ
ളോടനുബന്ധിച്ച് പണിത ചാപ്പൽ കൂദാശ
ചെയ്ത അഭിവന്ദ്യ ഗീവറുഗീസ്
മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം
അമ്മിണി ഫിലിപ്പ്, ഡോ. സബിത,
പ്രൊഫ. പി.സി. ഏലിയാസ്,
ഫാ. പ്രൊഫ. കെ.വി. പൗലൂസ്, ബേബി ഫിലിപ്പ്,
ഡോ. വർഗീസ് പോൾ, പ്രൊഫ. സഖറിയ ദാനിയേൽ,
ഷൈനി ജോസഫ്.

# മരുഭൂമിയിലെ നീരുറവ
# [സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ]

## (Silver Jubilee Year Sep. 1999 to Sep. 2000)

1978 സെപ്റ്റംബർ 12-ാം തീയതി അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽസ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ പതിവുപോലെ 2000-ലും, താഴെ പറയുന്ന ജീവകാരുണ്യധനസഹായങ്ങൾക്കു അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാ സഹായത്തിനു ജാതിമതഭേദമെന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രം നൽകുന്നു.

**1. ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായരോഗികൾക്കു പരിമിതമായ ധനസഹായം നൽകുന്നു. ഇടവക വികാരിയുടെ ശുപാർശയും രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തിക്കൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സമീപകാലത്തുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. കൂടാതെ കങ്ങഴ, പരുമല, ശാസ്താംകോട്ട, കാര്യംപാടി (കണ്ണാശുപത്രി), ഇടുക്കി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു.

**2. വിവാഹ ധനസഹായം:** സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്തുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിനു 12,000 രൂപാ വീതം നൽകുന്നു. ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടേയും ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. വിവാഹത്തിന് ഒരു മാസം മുമ്പെങ്കിലും അപേക്ഷ കിട്ടിയെങ്കിൽ മാത്രമേ യഥാസമയം അപേക്ഷ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അർഹരായവർക്കു ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചു ചൊല്ലിന്റെ കോപ്പി കിട്ടിയതിനു ശേഷമേ ധനസഹായം നൽകുകയുള്ളൂ. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന്, ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടേയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4. ഭവനനിർമ്മാണ ധനസഹായം:** സ്വന്തമായി സ്ഥലമുള്ളവരും വീടു പണിയുവാൻ സാമ്പത്തികശേഷി ഇല്ലാത്തവരുമായ കുന്നംകുളം, കൊച്ചി, തുമ്പമൺ ഭദ്രാസനങ്ങളിലെ ഓരോ അപേക്ഷകർക്ക് 35,000 രൂപാ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറു മാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടേയും സമ്മതിപത്രവും ശുപാർശയും അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവും ചേർത്ത് അപേക്ഷകൾ 2000 ഏപ്രിൽ 30-നു മുമ്പ് കിട്ടിയിരിക്കണം.

**5.വിദ്യാഭ്യാസ ധനസഹായം:** നിർദ്ധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് എസ്.എസ്. എൽ.സി.-ക്കു ശേഷമുള്ള വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും കോഴ്സ് സർട്ടിഫിക്കറ്റും (ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ കോപ്പി) അപേക്ഷയോടെപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2000 ആഗസ്റ്റ് 30-നു മുമ്പ് കിട്ടിയിരിക്കണം.

**6. MEDICAL CAMP:** കോൺഗ്രിഗേഷന്റെ Sponsorship-ൽ ഒരു സൗജന്യ Medical Camp 2000മേയ്- ജൂൺ മാസത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ആയത് ഏറ്റെടുത്തു നടത്തുവാൻ താല്പര്യമുള്ളതും കങ്ങഴ Medical Mission ആശുപത്രിക്കു 80 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽപ്പെടുന്നതുമായ ഏതെങ്കിലും പിന്നോക്ക പ്രദേശങ്ങളിലെ ഇടവകകളിൽനിന്നുള്ള അപേക്ഷകൾ 2000 ഏപ്രിൽ 15-ന് മുൻപു കിട്ടിയിരിക്കണം.

**7. SPECIAL PROJECT:** സുവിശേഷപരവും, ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മലങ്കര സഭയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ഒരു പ്രത്യേക പദ്ധതിക്കു 50000 രൂപായിൽ കവിയാത്ത തുക നൽകുന്നതാണ്. മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ സമ്മതിപത്രവും ഭദ്രാസന മെത്രാപ്പോലീത്തയുടെ ശുപാർശയും ചേർത്ത അപേക്ഷകൾ 2000 ഏപ്രിൽ 30-നു മുമ്പ് കിട്ടിയിരിക്കണം.

### അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു: വികാരിമാരുടെ ശ്രദ്ധയ്ക്ക്:

അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ച് അർഹതയുള്ളവ മാത്രം അയ്യക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ എല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും ബ: വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം

Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളി സീലും, ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മുന്നിൽ രണ്ട് അംഗങ്ങളുടെ എങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിനു അപേക്ഷിക്കുന്നു:..............................................................

പേര്:.............................................................................വയസ്സ്:.......................................................

വിദ്യാഭ്യാസ യോഗ്യത:....................................................................തൊഴിൽ:.........................................

മേൽവിലാസം: (പിൻകോഡ് സഹിതം):.......................................................................................

.....................................................................................................................................................

ഇടവക:.............................................................ഭദ്രാസനം:..................................................................

പ്രതിമാസവരുമാനം:..................................ഭൂസ്വത്ത് വിവരം:.........................................................

ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം:...............................................

ഇതിനു മുമ്പ് ഇവിടേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ? :.............................................................................

എപ്പോഴെങ്കിലും ഈ കോൺഗ്രിഗേഷനിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?.........................

ഉണ്ടെങ്കിൽ:- വർഷം.................... എന്താവശ്യത്തിന് ?:..........................എന്തു തുക ലഭിച്ചു?:........................

ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ? :................................................

ഉണ്ടെങ്കിൽ :- വർഷം.................................................. എവിടേയ്ക്ക് ?:................................................

കുടുംബാംഗങ്ങളുടെ / ആശ്രിതരുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്............................ . തീയതി.......................................................

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും, പൂർണ്ണമായ മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

**അപേക്ഷകരുടെ ശ്രദ്ധയ്ക്ക്:**

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ "STOC Office, Basil Jubilee Centre, Bathani Aramana, Tiruvalla, Kerala. -PIN 689 101" എന്ന വിലാസത്തിൽ മാത്രം അയ്യക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, ആവശ്യപ്പെട്ട രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

2-14-2000

മാനേജിംഗ് കമ്മറ്റി


# വി. കുർബാന ഡിജിറ്റൽ സി.ഡിയിൽ

സണ്ണി മാമ്പിള്ളി (U.S.A)




ജീവിതത്തിന്റെ പ്രതിസന്ധികളിലും മനുഷ്യഭാവത്തിന്റെ ദുർഘടമുഖങ്ങളിലും ആശ്വാസമേകാനുതകുന്ന അനേകം ഗാനങ്ങൾ രചിച്ച് ഈണം പകർന്നിട്ടുള്ള ഫാ. അലക്സ് കെ. ജോയി, മലങ്കര ഓർത്തഡോക്സ് സഭയുടെ വിശുദ്ധ കുർബാനയുടെ ഡിജിറ്റൽ സി.ഡി. അമേരിക്കയിൽ പ്രകാശനം ചെയ്തു.

ക്രൈസ്തവ സഭകളിൽ ആദ്യമായിട്ടാണ് വി. കുർബാനയുടെ ഡിജിറ്റൽ സി.ഡി. കാസറ്റ് പുറത്തിറങ്ങുന്നത്. ഭക്തിഭാവം മുറ്റി നിൽക്കുന്ന ഗാനങ്ങളും കോർത്തിണക്കിയ ഈ കുർബാന ശ്രോതാക്കളിൽ ആത്മീയതയുടെ അവാച്യമായ അനഭൂതി ഉണർത്താനുപകരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭ നടത്തുന്ന ശ്രുതി സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്സ്ക്കൂളിൽ നിന്നും സംഗീത പഠനം നടത്തിയ ഫാ. അലക്സ് കെ. ജോയി ഗായകനും വാഗ്മിയുമാണ്. വി. മാതാവിന്റെ സ്തുതി ഗീതത്തോടെ ആരംഭിച്ച് ഫാ. അലക്സ് തന്നെ സംഗീതം നൽകി ആലപിച്ചിരിക്കുന്ന ഹുത്തോമോയോടെ ഏഴുപത്തി മൂന്ന് മിനിറ്റുകൊണ്ട് പൂർണ്ണമാകുന്ന വി. കുർബാന ശ്രവിക്കുന്ന ഏവരും ഭക്തി ഭാവകത്തിന്റെ അവാച്യ ആനന്ദത്തിൽ ലയിക്കും. ലിറ്റർജിക്കൽ മ്യൂസിക് സ്കൂളിലെ സംഗീതാദ്ധ്യാപകൻ ടി. ജോർജു കുട്ടി, സംഗീതവിദ്യാർത്ഥികളായ സൂസൻ, സംഗീത, രേണു എന്നിവരാണ് ഗായകർ. (മലയാളം പത്രം യു.എസ്.എ)

**For Copies in U.S.A. Ph: 973-9879, In INDIA. Tel./Fax : 343034, Copies by V.P.P.**
**Fr. Alex K. Joy, Kureekattil House, Kizhavallor P.O. Konni, Kerala - 689 703.**


# For Favaours Received

രോഗശാന്തിക്ക്










Arun & Sruthi · Suja · Susy Kochumm Kundra · Elizabeth Kalyan · B. Geevarghese Kalyan










P.K. Mathai Patna · ഒരു വിശ്വാസി നവി മുംബൈ · P.K. Varkey& Family Agara · Fr. O. Punnoose & Family

# ഭ്രാന്തു പിടിച്ചതാർക്ക്

**ഓർത്തലൈൻ ന്യൂസ് സർവ്വീസ്**

ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ വെള്ളത്തിൽ പതുക്കെ പതുക്കെ മുക്കി കൊല്ലുന്നു സ്ഥലം: 'ദൈവത്തിന്റെ സ്വന്തം നാട്ടി'ൽ സാക്ഷാൽ ശ്രീ പത്മനാഭൻ സാക്ഷിയായി.

ദൃക്സാക്ഷികൾ: നിയമപാലകർ, രക്ഷാപ്രവർത്തകർ നുറുകണക്കിനു ജനങ്ങൾ.

സ്പോട്ട് റിപ്പോർട്ടിങ്ങിനായി ഓടിനടക്കുന്ന പത്രക്കാരന് ഇതിൽ കൂടുതൽ എന്തുവേണം. അനന്തപുരിയിലെ പത്മതീർത്ഥകുളത്തിലെ 'അറും കൊല' കവർ ചെയ്തിട്ട് ഒരു ക്യാമറാക്കാരനും സന്തോഷം കുടാതെ മടങ്ങിക്കാണില്ല പോട്ടെ, അതവരുടെ പണിയല്ലെ.

കാഴ്ച കണ്ടു മടങ്ങിയ ഓരോ മനുഷ്യനും അതിന്റെ ദൃക്സാക്ഷി വിവരണം എത്രപേരോട് വിളമ്പിക്കാണും? സിനിമയോ നാടകമോ കണ്ട് മടങ്ങുന്ന കൂട്ടുകാരെപ്പോലെ

രോഗഗ്രസ്തമായ ഒരു സമൂഹമാണ് നമ്മുടേതെന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. പക്ഷേ അതു ശരിവയ്ക്കുന്നതാണ് പത്മതീർഥക്കുളത്തിലെ കൊലപാതകം-സ്വന്തം കടമ ചെയ്യുവാൻ ശ്രമിച്ച് ഒരു പാവം വാച്ചർ മുക്കി ക്കൊല്ലപ്പെട്ടു.

ബ്രോയിലർ ചിക്കൻ വാങ്ങാൻ കടയിൽ പോയപ്പോഴുള്ള കാഴ്ചപോലെയായിരുന്നെന്നു തോന്നുന്നു ഓരോ മലയാളിക്കും പത്മതീർഥക്കുളം സംഭവം 'കൊലസീൻ കാണാൻ തടിച്ചുകൂടിയ നൂറുകണക്കിനാളുകളിൽ മുന്നോനാലോ പേരെങ്കിലും മതിൽക്കെട്ട് കടന്ന് വെള്ളത്തിലേക്ക് എടുത്തു ചാടിയിരുന്നെങ്കിൽ ആ പാവം മനുഷ്യന്റെ ജീവൻ രക്ഷിക്കാമായിരുന്നു. എന്തുകൊണ്ട് ആരുമതിന് തുനിഞ്ഞില്ല? പെരുമൺ ദുരന്തം നടന്നപ്പോൾ സ്വന്തം ജീവൻ പോലും അവഗണിച്ചു രക്ഷാപ്രവർത്തനം നടത്തിയ മലയാളികൾ തന്നെയല്ലേ പത്മതീർഥക്കുളത്തിനു ചുറ്റും തടിച്ചുകൂടിയത്? അതോ 'സംഘടിത ഹിംസാ ശക്തി' കളായ പോലീസുകാരുടെ സാന്നിദ്ധ്യം കൊണ്ടാണോ അവരിൽ പൂർണ വിശ്വാസം അർപ്പിച്ചിരിക്കുകയാണോ? ജനങ്ങൾ എങ്ങനെയെങ്കിലും പ്രതികരിച്ചിരുന്നെങ്കിൽ ഇതാകുമായിരുന്നില്ല സ്ഥിതി. എല്ലാവരുടെ മനസ് മരവിച്ചുവോ? ഇത് മനുഷ്യർ തന്നെയല്ലേ? ഒന്നു വിളിച്ചുകൂവാൻ പോലും ആരും അവിടെ ഉണ്ടായിരുന്നില്ല.

ഇവിടെ സമ്പന്നരായ ഒരു വ്യാപാരിയുടെ കഥയാണ് ഓർമ്മ വരുന്നത്. രാഷ്ട്രീയ സ്വാധീനമുള്ള ഒരു മനുഷ്യൻ. ചുറ്റും പാവങ്ങളാണ് താമസിക്കുന്നത്. തന്റെ രാജ്യത്ത് കലാപങ്ങൾ അര ങ്ങേറിക്കൊണ്ടിരിക്കുന്നത്. രാത്രിയിൽ ചുറ്റുപാടും നില വിളിയും ബഹളങ്ങളും കേൾക്കാം. പട്ടാളക്കാരുടെ ദുഷ്കൃത്യങ്ങളാണ് എ ങ്ങും. ഒരു രാത്രിയിൽ നിലവിളികേട്ട് വ്യാപാരി വീടി ന്റെ ജനൽ തുറന്നു നോക്കുന്നു. അമ്മയുടെ മുന്നിൽ വച്ച് മകളെ മാനഭംഗം ചെയ്യുകയാണ് മറ്റുവീടുകളിൽ പട്ടാളക്കാർ അതിക്രമങ്ങൾ ചെയ്യുകയാണ്. തനിക്കും കടുംബത്തിനും കുഴപ്പമില്ലായെന്നോർത്ത് അയാൾ സുഖനിദ്രയിലാണ്ടു കുറെ ദിവസങ്ങൾ ഇങ്ങനെ തുട ർന്നു. ഒരു ദിവസം തന്റെ വീടിന്റെ മുമ്പിൽ പട്ടാളക്കാർ എത്തി. വ്യാപാരി കതകു തുറന്നു. തന്റെ ഭാര്യയെയും മകളെയും മാനഭംഗപ്പെടുത്തി സർവ്വതും അപഹരിച്ച് അവർ കടന്നു കളഞ്ഞു.

ആർദ്രതയുടെ ഭാവങ്ങൾ നഷ്ടപ്പെട്ട വ്യാപാരിയുടെ 'ധാർമിക ബോധ' മാണു നമ്മെ ഭരിക്കുന്നതെങ്കിൽ നമ്മൾ കോടികൾ മുടക്കി മാനവീയം ആഘോഷിച്ചാലും ജൂബിലികൾ കൊണ്ടാടിയാലും ഒരു പ്രയോജനവുമില്ല.

മലയാളിക്കു മാനസിക നില നഷ്ടപ്പെടുകയാണോ? എല്ലാം വെട്ടിപ്പിടിക്കാനുള്ള ഈ പ്രയാണത്തിൽ കൊല കഴിഞ്ഞ് രണ്ടു ദിവസത്തിനു ശേഷം സിറ്റി പോലീസ് മേധാവി പറഞ്ഞു. ഞങ്ങളുടെ ഭാഗത്ത് ഒരു അലംഭാവവും ഉണ്ടായിട്ടില്ല. എവിടെയും തോൽവികൾ സ്ഥിരമാകുകയും തോറ്റതിന്റെ ന്യായീകരണം കണ്ടെത്തുന്നതിൽ വിജയിക്കുകയും ചെയ്യുന്ന നമ്മുടെ സമൂഹത്തിന് ഇത്തരം പ്രസ്താവനകൾ അന്യമല്ല. ക്രിക്കറ്റ് കളി തോറ്റാൽ പത്രസമ്മേളനം. അത് ക്യാപ്റ്റന്റെ കോ-ഓർഡിനേഷന്റെ അഭാവം, അതു പിച്ചിന്റെ നിലവാരമില്ലായ്മ, കാലാവസ്ഥയുടെ പ്രശ്നം.... അങ്ങനെ തോറ്റതിന്റെ ന്യായീകരണം നീളുന്നു. എത്രനാൾ അങ്ങോട്ടു മിങ്ങോട്ടും പഴിചാരും ?

പരസ്പരം പഴിചാരൽ തന്നെ ഒരു രോഗമായി മാറിയിരിക്കയാണ്. പരാജയത്തിന്റെ ന്യായീകരണമല്ല, വേണ്ടത് വിജയമാണ്, തെറ്റിന്റെ തിരുത്തലാണ്.

കുളത്തിലെ കൊല കണ്ട് കയ്യും കെട്ടി പിഞ്ചിരിച്ചു നില്ക്കുന്ന മനുഷ്യർ തൊപ്പിയും വടിയുമായി നേതൃത്വം കൊടുക്കുന്ന പോലീസുകാർ. മനുഷ്യനെ മുക്കിക്കൊല്ലുന്ന ആ മനുഷ്യനാണോ ഭ്രാന്ത്? അല്ല. പിന്നെ യാർക്കാണ് ഭ്രാന്ത്?

◆


'പുണ്യ പിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ'



Alex, Lizy,
Mansu, Minsu,
Jasmine & Justin Mon

Abudhabi




## മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം, വടവുകോട് ചാപ്പൽ പ്രതിഷ്ഠയും ഉദ്ഘാടനവും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ. ജീവകാരുണ്യ പ്രവർത്തന മേഖലയിൽ സ്തുത്യർഹമായി സേവന മനുഷ്ഠിച്ചുവരുന്ന മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം ആൺകുട്ടികൾക്കു വേണ്ടി വടവുകോട് ഹെൽത്ത് സെന്ററിനു സമീപം പുതിയതായി പണി തീർത്തിട്ടുള്ള മന്ദിര സമുച്ചയത്തിന്റെ ഉദ്ഘാടനവും പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിലുള്ള ചാപ്പലിന്റെ സമർപ്പണവും മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സു കൊണ്ട് ഫെബ്രുവരി 19, 20 (ശനി, ഞായർ) തീയതികളിൽ നിർവ്വഹിച്ചു.

## മർത്തമറിയം സമാജം കൽക്കട്ടാഭദ്രാസന സമ്മേളനം

നാഗപ്പൂർ: കർക്കട്ടാ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ദ്വിദിന സമ്മേള്ളനം ജനുവരി 26 - 27 തീയതികളിൽ നാഗപ്പൂർ സെ. ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി ഫാ. ജോർജ്ജ് മാത്യു, C.N.I All Saints Cathedral വികാരി റവ. ജോണി. ജോർജ്ജ് ഫാ. ബിജേഷ് ഫിലിപ്പ് ഫാ. റ്റി.സി. തോമസ്, ഫാ. ഷാജി. പി. ജോൺ, ഫാ. ഫിലിപ്പ് കുരുവിള, ഫാ. എം.സി. ജോർജ്ജ്, ഫാ. ഏബ്രഹാം പി. ജോർജ്ജ്, NCCI ജനറൽ സെക്രട്ടറി റവ. ഐപ്പ് ജോസഫ് എന്നിവർ നേതൃത്വം നൽകി.

ഭാദ്രാസന മർത്തമറിയം സമാജത്തിന്റെ പുതിയ സെക്രട്ടറിയായി Mrs. C.P. ജോണിയെ തിരഞ്ഞെടുത്തു.

## ജൂബിലി മന്ദിരം കൂദാശ

തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട ചണ്ണപ്പേട്ട സെ. മേരീസ് ഇടവകയിൽ പുതിയതായി നിർമ്മിച്ചിട്ടുള്ള ജൂബിലി മന്ദിരത്തിന്റെ കൂദാശാ കർമ്മം 27-1-2000 വ്യാഴാഴ്ച കൊല്ലം തിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യുസ് മാർ എപ്പിഫാനിയോസ് തിരുമേനി നിർവഹിച്ചു.


**Form IV**
**Malankara Sabha**

| | | |
|---|---|---|
| Place of Publication | : | Kottayam |
| Periodicity | : | Monthly |
| Printer | : | Rev. Fr. T.G. Zacharia |
| Whether Citizen of India | : | Yes |
| Address | : | Catholicate Armana, Kottayam |
| Publisher | : | Rev. Fr. T.G. Zacharia |
| Address | : | Item No. 5 |
| Editor | : | Rev. Dr. Jacob Kurian |
| Whether Citizen of India | : | Yes |
| Address | : | P.O. Box 98, Kottayam-1 |
| Name & Address of the owner | : | Orthodox Viswasa Paripalana Samathy Devalokam, Kottayam -38. |

1, Rev. Fr. T.G. Zacharia here by declare that the particulars given above are true to the best of my knowledge and belief.

21.2.2000 Fr. T.G. Zacharia

# കറുത്ത ലോകത്തിലെ പ്രകാശ ചിന്തകൾ

ഡോ. ഫാ. ഒ. തോമസ്

**ദക്ഷിണാഫ്രക്കയിലെ പ്രിട്ടോറിയായ്ക്കടുത്തുള്ള ഹാമൻ സ്ക്കൂളിൽ 2000 ജനുവരി 21 മുതൽ 28 വരെ നടന്ന പത്താമത് നാഷണൽ അസ്സോസിയേഷൻ ഫോർമിഷൻ സ്റ്റഡീസ് സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധികരിച്ച് സംബന്ധിച്ച വൈദിക സെമിനാരി പ്രൊഫ. ഡോ. ഫാ. ഓ. തോമസിന്റെ റിപ്പോർട്ട്.**

നാഷണൽ അസ്സോസിയേഷൻ ഫോർ മിഷൻസ്റ്റഡീസ് എന്ന ഒരു സംഘടന മിഷൻ ബോർഡിന്റെയും അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെയും അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്നതിനെകുറിച്ച് മലങ്കര സഭയിലെ വിശ്വാസികളിൽ കുറെപ്പേർക്കെങ്കിലും അറിവുണ്ടായിരിക്കുമല്ലോ.

പ്രൊ. ഡി. മാത്യൂസ് ആണ് സ്ഥാപന കാലം മുതൽ അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നത്. ഇത്തരം ഒരു സംഘടനയ്ക്ക് രൂപം കൊടുക്കുവാനുള്ള പ്രചോദനം അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിക്കു ലഭിച്ചത് അന്തർദേശീയമായി പ്രവർത്തിക്കുന്ന ഒരു മിഷനറി സംഘടനയിൽ നിന്നാണ്. ഇന്റർനാഷണൽ അസോസിയേഷൻ ഫോർമിഷൻ സ്റ്റഡീസ് എന്ന സംഘടന 1972 -ൽ സ്ഥാപിതമായി. ആദ്യ കാലങ്ങളിൽ 2 വർഷത്തിൽ ഒന്നായിരുന്നു കൂടി വരവ്. പിന്നീട് നാലു വർഷത്തിൽ ഒരിക്കലായി അപ്രകാരമുള്ള പത്താമത്തെ കോൺഫറൻസാണ് ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയായ്ക്കടുത്തുള്ള ഹാമൻ സ്ക്കൂളിൽ ജനുവരി 21–28 വരെ നടന്നത്. നാലു വർഷം മുമ്പ് അർജന്റിനയിലെ ന്യൂനോഡ് ഐറസിലെ സമ്മേളനത്തിലും പങ്കെടുക്കുവാൻ എനിക്ക് അവസരം ലഭിച്ചു.

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയും, യൗസേബിയോസ് തിരുമേനിയുമാണ് മുൻപുള്ള സമ്മേളനങ്ങളിൽ പങ്കെടുത്തത്. ഒസ്താത്തിയോസ് തിരുമേനി സംബന്ധിച്ച കോൺഫറൻസുകളിൽ, അദ്ദേഹം മുഖ്യ പ്രഭാഷകൻ കൂടിയായിരുന്നു. റോം കോൺഫറൻസിൽ അദ്ദേഹം പ്രഭാഷണം നടത്തിയപ്പോൾ, പ്രസംഗത്തിന്റെ വേഗതയും തീവ്രതയും മൂലം സ്പാനിഷ്, ജർമൻ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയവർ നന്നേ വിഷമിച്ചതായി അതിൽ പങ്കെടുത്ത ഒരാൾ ഇപ്പോഴും അനുസ്മരിക്കുകയുണ്ടായി. അന്നു പങ്കെടുത്തവരെല്ലാം തിരുമേനിയെ ഇന്നും നന്നായി ഓർക്കുകയും അദ്ദേഹത്തിന്റെ ത്രീത്വാധിഷ്ടിതമായ മിഷന്റെ അടിസ്ഥാനത്തെപ്പറ്റി ആദരവോടെ സംസാരിക്കുകയും ചെയ്തു.

## മുഖ്യചിന്താവിഷയം

"വിഭജിക്കപ്പെട്ട ലോകത്തിൽ ക്രൂശിക്കപ്പെട്ടു ജീവിക്കുന്ന ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുക." (Reflecting Jesus Christ, Crucified and Living in a broken World) ഈ വർഷത്തെ മുഖ്യ ചിന്താവിഷയം. മതങ്ങളിൽ മിഷനറി മതമെന്നു വിശേഷിപ്പിക്കപ്പെടുന്നതിൽ ക്രിസ്തു മതം മുമ്പിൽ നില്ക്കുന്നു ദൈവം അവരെ പ്രത്യേകമായ ഒരു ദൗത്യം ലോകത്തിനു വേണ്ടി ഏല്പിച്ചിട്ടുണ്ട് എന്നാണ് മിഷന്റെ പിറകിലുള്ള ആശയം. ദൈവം എന്താണ് ഏല്പിച്ചിരിക്കുന്നത്. മറ്റുള്ളവരെ ക്രിസ്തീയ സഭയിലെക്കു ചേർക്കുക, ക്രിസ്തുവിന്റെ ഉപദേശങ്ങൾ പഠിപ്പിക്കുക, ദൈവരാജ്യത്തിന്റെ മൂല്യത്തിലേക്ക് മറ്റു സംസ്കാരങ്ങളെയും ജനതകളെയും രൂപാന്തരപ്പെടുത്തുക, രക്ഷ യേശുക്രിസ്തുവിൽ കൂടി മാത്രമാണെന്നു പഠിപ്പിക്കുക, അനീതികളിലും അടിമത്തത്തിലും കിടക്കുന്നവർക്ക് മോചനം നൽ ക്കുകയും, അതിനായി യജ്ഞിക്കുകയും ചെയ്യുക തുടങ്ങി അനവധി അർത്ഥങ്ങൾ മിഷനു നല്ക്കുന്നുണ്ട്. ഏതായാലും ഇപ്പോഴത്തെ മിഷൻ പഠനങ്ങൾ, പാശ്ചാത്യ മിഷനറിമാരുടെ കൊളോണിയൽ കാലത്തെ പ്രവർത്തനങ്ങൾ ഒരളവു വരെ ദൈവ ഇഷ്ടത്തിനനുസൃതമായിരുന്നില്ലെന്നും, പുതിയ അടിസ്ഥാനങ്ങൾ കണ്ടെത്തണമെന്ന് തിരിച്ചറിവിൽ നിന്നും ഉണ്ടായിട്ടുളതാണ്.

മറ്റൊരടിസ്ഥാനം മതബാഹുല്യത്തെ അതിന്റെ നന്മകളോടുകൂടി അംഗീകരിക്കാനുള്ള സന്നദ്ധതയാണ്. കത്തോലിക്കാ സഭയ്ക്കു പുറത്തുള്ളവർക്ക് രക്ഷയില്ലെന്നുള്ളത് മയപ്പെടുത്തി യേശുക്രിസ്തുവിൽ ജീവിച്ചിരിക്കുമ്പോൾ വിശ്വസിക്കാത്തവർക്ക് രക്ഷയില്ലെന്ന് ചിന്തിച്ചു. മറ്റുമതങ്ങളിലെ നന്മകൾ കണ്ടെത്തിയപ്പോൾ എല്ലാമതങ്ങളിലും നന്മയുണ്ടെന്നും പൂർണ്ണത ക്രിസ്തു മതത്തിലാണെന്നും പറയാൻ തുടങ്ങി. ഇപ്പോൾ ആഘട്ടവും കഴിഞ്ഞ് എല്ലാ മതങ്ങളും ഏകദേശം ഒരുപോലെയാണെന്നും മതബാഹുല്യങ്ങൾ ദൈവത്തിന്റെ സൃഷ്ടിയിലെ നന്മയായികാണണമെന്നുമുള്ള ചിന്ത മിക്ക ദൈവശാസ്ത്രജ്ഞന്മാരിലും കാണുന്നുണ്ട്.

സഭയുടെ മിഷന്റെ മറ്റൊരടിസ്ഥാനം കണ്ടെത്തുന്നത് രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങളിലാണ്. രണ്ടു ലോകമഹായുദ്ധങ്ങൾക്കും, ഒട്ടനവധിരക്തച്ചൊരിച്ചിലുകൾക്കും 20–10 നൂറ്റാണ്ടു സാക്ഷ്യം വഹിച്ചു. ശാസ്ത്ര സാങ്കേതിക വളർച്ചകളിൽ ആഗോള ശ്രമം, സൃഷ്ടിച്ചെങ്കിലും ലോകജന സംഖ്യയിലെ ബഹുഭൂരിപക്ഷം ദാരിദ്ര്യത്തിലും നിരക്ഷരതയിലും കഴിയുന്നു. അതിൽ തന്നെ ആദിവാസികൾ, വിവിധ രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ ഇവയിലൊക്കെതന്നെ സ്ത്രീകൾ കൂടുതൽ ക്ലേശത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പരിസ്ഥിതി പ്രശ്നങ്ങൾ ആഗോളമായി ഉയർത്തുന്ന ഭീഷണി വേറെ. ഇവയുടെയൊക്കെ മത്സരത്തിൽ സഭയുടെ ദൗത്യം



എന്തായിരിക്കണമെന്നുള്ള നിലയിലാണ് പഠനങ്ങൾ നടന്നത്. സ കളുടെ ഔദ്യോഗിക പ്രതിനിധികളായല്ല ഇതിലെ അംഗങ്ങൾ പങ്കെടുക്കുന്നത്.

കത്തോലിക്കാ പ്രൊട്ടസ്റ്റൻറു സഭകളിൽ ദൈവശാസ്ത്രം പഠനത്തിൽ 'മിസ്സിയോളജി' പ്രത്യേകമായ ഒരു പഠന വിഷയമാണ്. അതിൽ ഡോക്ടറേറ്റു നേടിയവരും ഏതെങ്കിലും വിധത്തിൽ മിഷൻ രംഗത്തു പഠിപ്പിക്കുകയോ, പ്രവർത്തിയ്ക്കുകയോ ചെയ്യുന്ന 'സ്കോളർലി' എന്നു വിളിക്കുന്ന ഒരു കൂട്ടമാണ് ഇതിലെ അംഗങ്ങൾ. (സ്കോളർലി' എന്ന പദം പഠനത്തിന്റെ ഗൗരവം കുറയാതിരിക്കാനാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു) മിസ്സിയോളജി പ്രത്യേക വിഷയമായി പഠിപ്പിക്കുന്ന പശ്ചാത്തലം ഓർത്തഡോക്സ് സഭകൾക്കില്ലാത്തതിനാലും, മിഷനെക്കുറിച്ചുള്ള ഓർത്തഡോക്സ് വീക്ഷണം വ്യത്യസ്തമാകയാലും അധികം ഓർത്തഡോക്സുകാർ ഈ സംഘടനയിൽ അംഗങ്ങളായിട്ടില്ല. (സഭചെയ്യുന്നതെല്ലാം മിഷൻ ആണെന്നും, പ്രത്യേക മിഷൻ അവശ്യമില്ല എന്ന ചിന്ത ഓർത്തഡോക്സ് സഭകളിൽ എന്നും പ്രകടമാണല്ലോ). 600 പേർ പഠനഗ്രൂപ്പിൽ ഉള്ളതിൽ 220 പേർ ഈ സമ്മേളനത്തിൽ പങ്കെടുത്തുള്ളു. ഏകദേശം 60 രാജ്യങ്ങളെ പ്രതിധീകരിച്ചാണ് ഇത്രയും പേർ വന്നത്. ഉന്നതമായ നിലവാരം പുലർത്തുന്ന IAMS 'Mission Studies എന്ന ഒരു പ്രസിദ്ധീകരണവും വർഷത്തിൽ രണ്ടു പ്രാവശ്യം ഇവർ പ്രസിദ്ധീകരിക്കുന്നുണ്ട്.

വിഷയത്തെ അധികരിച്ച് 3 പ്രഭാഷണങ്ങളാണ് നടന്നത്. ലോകം വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ തിക്താനുഭവങ്ങൾ മൂന്നാം ലോകത്തിൽ കൂടുതൽ അനുഭവപ്പെടുന്നു എന്ന ചിന്തയിലാകാം, ആ ലോകത്തിൽ നിന്നുള്ളവരായിരുന്നു മൂന്നു പ്രഭാഷകരും. ഏഷ്യൻ പശ്ചാത്തലത്തിൽ ശ്രീലങ്കയിലെ കാൻസി കാത്തലിക് സെമിനാരിയിലെ പ്രൊഫസറായ ഡോ. ചന്ദ്രകാന്തനും, ലാറ്റിനമേരിക്കയെ പ്രതിനിധീകരിച്ച് ബ്രസീലിലെ പോളോസൂസും, ആഫ്രിക്കൻ വൻകരയെ പശ്ചാത്തലമാക്കി. പ്രൊഫ. സാംമിൽവാക്കിച്ചുമാണ് രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. വേദപുസ്തകാടിസ്ഥാനത്തിലുള്ള വിഷയ വിശകലനത്തേക്കാൾ പശ്ചാത്തലം ലക്ഷ്യമാക്കിയുള്ള വിചിന്തനമാണ് മൂന്നിലും നടന്നത്.

തുടരും


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626 ഫോൺ: 0479–312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൃൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്ര ചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. 2500/- രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ–മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

**M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626**

നമ്പർ: 38/2000

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ

(മുദ്ര).

കർത്താവിൽ വാത്സല്യമുള്ളവരും സഭാവിശ്വാസികളും ആയ മലങ്കരസഭയിലെ ഓരോ പള്ളികളുടെയും വികാരിമാരും സഹപട്ടക്കാരും പള്ളികൈക്കാരന്മാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ശേഷം വിശ്വാസികളുമായ എല്ലാവർക്കും നമ്മുടെ കർത്താവായ യേശുമിശിഹായിൽ വാഴ്വ്.

കർത്താവിൽ പ്രിയരേ,

1 പരിശുദ്ധ ഇഗ്നാത്യോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ ഈ വർഷം ഏപ്രിലിൽ മലങ്കരസഭ സന്ദർശിക്കുന്നതായി അറിയുന്നു.

2 ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ അറിയിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണെന്നു കരുതുന്നു.

3 കാതോലിക്കോസിന്റെ സഹകരണത്തോടെ, കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കര സഭ അംഗീകരിക്കും എന്നാണു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിലെ ആർട്ടിക്കിൾ നൂറ്റൊന്നിൽ പറയുന്നത്. പരിശുദ്ധ ഇഗ്നാത്യോസ് സക്കാ പ്രഥമൻ ബാവാ ആ രീതിയിൽ വാഴിക്കപ്പെട്ട പാത്രിയർക്കീസല്ല.

4 മലങ്കര സഭയാൽ അംഗീകരിക്കപ്പെട്ട ഒരു പാത്രിയർക്കീസ് മലങ്കരയിൽ വരുന്നത് മലങ്കര സഭയുടെ ക്ഷണമനുസരിച്ചു മാത്രമാകണമെന്നും, അതുതന്നെ നിശ്ചചിത അവസരങ്ങളിൽ മാത്രമേ പാടുള്ളു എന്നും സഭാഭരണഘടനയും ഭരണഘടനയുടെ അഞ്ചാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന ഹൂദായ കാനോനും ചേർത്തു വായിച്ചാൽ വ്യക്തമാണ്.

5 മുൻ പാത്രിയർക്കീസ് പക്ഷത്തിനു ഇനി 1934–ലെ സഭാഭരണഘടനയുടെ നിയമസാധുത ചോദ്യം ചെയ്യാനാകില്ലെന്നു ബഹുമാനപ്പെട്ട സുപ്രീംകോടതി മലങ്കരസഭാ കേസിൽ വ്യക്തമായി വിധി പറഞ്ഞിട്ടുണ്ട്. മലങ്കരസഭ ഭരണഘടന സാധുവും ബന്ധപ്പെട്ട എല്ലാവർക്കുംബാധകവും ഇടവകപ്പള്ളികൾ അതിനു വിധേയവും അത്യന്തികമായി നിൽക്കേണ്ടതുമാണ്. കാതോലിക്കേറ്റിന്റെ പുന: സ്ഥാപനം യാക്കോബായ സുറിയാനി സഭയുടെ വിശ്വാസങ്ങൾക്കനുസൃതമല്ലെന്നോ, 1934–ലെ സഭാഭരണഘടന യഥാവിധി അംഗീകരിച്ചതല്ലെന്നോ, 1912–നു മുമ്പ് പാത്രിയർക്കീസിനുണ്ടായിരുന്ന സ്ഥാനവും അധികാരങ്ങളും കുറവുവരാതെ തുടർന്നും നിലനിൽക്കുന്നെന്നോ, പാത്രിയർക്കീസിനോ അനുയായികൾക്കോ ഇനി വാദിക്കാനാവില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

6 ഇങ്ങനെയൊക്കെയായിട്ടും 'പാത്രിയർക്കീസ് പക്ഷം' എന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു വിമതവിഭാഗത്തിന്റെ പ്രേരണയാൽ പരിശുദ്ധ ഇഗ്നാത്യോസ് സക്ക പ്രഥമൻ ബാവാ മലങ്കരസഭയിൽ വരാനുദ്ദേശിക്കുന്നു. കാതോലിക്കോസിന്റെ ഭരണാതിർത്തിൽ ക്ഷണപ്രകാരമല്ലാതെ പാത്രിയർക്കീസ് പ്രവേശിക്കരുതെന്ന സഭാഭരണഘടനയിലെ വ്യവസ്ഥകളുടെയും ഭരണഘടനപ്രകാരം അംഗീകരിക്കപ്പെട്ട ഹൂദായ കാനോനിലെ പ്രത്യേക വ്യവസ്ഥകളുടെയും ലംഘനമാണിതെന്നു മാത്രമല്ല. സുപ്രീംകോടതി വിധിയിലൂടെ സഭയിൽ ആധികാരികമായി അവസാനിപ്പിച്ച വിഭാഗീയത, ശാശ്വതമായി നിലനിർത്തുന്നതിനുള്ള ശ്രമവും കൂടിയാണ്.

7 അന്ത്യോക്യ പാത്രിയർക്കീസുമായി സമാധാനവും ഭരണഘടനയിൽ അധിഷ്ഠിതമായ സൗഹാർദ്ദബന്ധവും വേണമെന്നും നാം എപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. ആ ഉദ്ദേശ്യത്തിൽ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പരസ്പരം സ്വീകരിച്ചുകൊണ്ടു കല്പന പുറപ്പെടുവിക്കാൻ നാം 1999 മെയ് 31–നു അദ്ദേഹത്തോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അതും അദ്ദേഹത്തിന് സ്വീകാര്യമായില്ല.

8 മലങ്കരസഭയും അന്ത്യോക്യാ സിംഹാസനവും തമ്മിലുള്ള സംസർഗ്ഗം അതായത് സ്നേഹത്തിന്റെ ശൃംഖല ഒരിക്കലും വേർപെടുത്തരുതെന്നു മലങ്കരയിൽ കാതോലിക്കേറ്റു പുനസ്ഥാപിച്ച അവസരത്തിൽ ഉപദേശിച്ച പരിശുദ്ധ അബ്ദുൾ മിശിഹാ പാത്രിയർക്കീസിനെ നാം ഇപ്പോഴും നന്ദിപൂർവ്വം സ്മരിക്കുന്നു (Not to sever that communion which is the bond of love connecting you with the Apostolic Throne of Antioch).

9 അന്ത്യോക്യാ പാത്രിയർക്കീസുമായി സമാധാനവും ഭരണഘടനയിൽ അധിഷ്ഠിതമായ ബന്ധവും വേണമെന്ന ആത്മാർത്ഥമായ ആഗ്രഹം നാം വീണ്ടും ആവർത്തിച്ചു പ്രഖ്യാപിക്കുന്നു.

ദൈവം നമ്മെ സഹായിക്കട്ടെ. ദൈവതിരുനാമം മഹത്വപ്പെടട്ടെ

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...

2000 ഫെബ്രുവരി 25–ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്ന്.





# 'അൽഭുത രോഗശാന്തി ക്രൂസേഡുകൾ' എന്ന മാമാങ്കം

മേരിഭവനം യോഹന്നാൻ

സുവിശേഷപ്രസംഗങ്ങളുടെ മറവിൽ അൽഭുത രോഗശാന്തി ക്യാമ്പുകൾ ഇന്ന് നാടെങ്ങും നടക്കുന്നു. വമ്പിച്ച ജനക്കൂട്ടം അവിടേക്ക് ആകർഷിക്കപ്പെടുന്നതു സ്വാഭാവികം മാത്രം. മാനസിക ശക്തി അഥവാ മെസ്മര ശാസ്ത്രം അൽഭുതകരമായ ഒരു പ്രതിഭാസമത്രെ. മെസ്മര ശാസ്ത്രത്തിനപ്പുറം ഒന്നുമല്ല ഈ അൽഭുതരോഗശാന്തി ബഹളങ്ങൾ എന്ന് 'പുകപടലം അടങ്ങുമ്പോൾ' ബോധ്യമാകും. എന്നാൽ ഇത് പരിശുദ്ധാത്മാവിന്റെ പ്രത്യേകവരം മൂലം 'രോഗശാന്തി വരപ്രാപ്തൻ' നടത്തുന്ന അൽഭുതരോഗ സൗഖ്യമാണ് എന്ന പ്രചരണമാണ് ക്രൈസ്തവ ലോകത്തിൽ ഇന്നു നടക്കുന്നത്. രോഗ സൗഖ്യം പ്രാപിച്ചുകൊള്ളാൻ നിരന്തരമായി നടത്തുന്ന അഭ്യർത്ഥനാ ബഹളം കേട്ട് രോഗി തനിക്കു സൗഖ്യം ലഭിച്ചു എന്നു വിശ്വസിക്കുന്നു. കൈ ഉയർത്തുന്നു, എഴുന്നേറ്റുനിൽക്കുന്നു. ക്യാമ്പ് സംഘാടകർ അവരെ ഇന്റർവ്യൂ നടത്തി മൈക്കിനു മുമ്പിൽ കൊണ്ടുവന്ന് സൗഖ്യം ലഭിച്ചതായി ഒറ്റവാക്കിൽ സാക്ഷ്യം പറയിച്ചുവിടുന്നു. ഇത് അനുകരിക്കാനുള്ള ഭ്രാന്തമായ ഒരാവേശത്താൽ മറ്റു പല ബലഹീന മനുഷ്യരും സാക്ഷ്യം പറയാൻ സ്റ്റേജിലേക്ക് ഓടിക്കയറുന്നു കയറ്റുമാറാക്കുന്നു. ആകെ ഒരു ബഹളം, ഒരു കലക്കം. എന്താണു സംഭവിച്ചതെന്നറിയാതെ ഓ: അൽഭുതം! കറുപ്പ്, കാക്ക, മൂന്നുകാക്ക എന്ന പ്രമാണ പ്രകാരം അൽഭുതരോഗശാന്തിയുടെ പ്രചാരകരായിമാറുന്നു സാദാ ജനങ്ങൾ.

സാധാരണ രോഗങ്ങൾ മിക്കതും വൈകാരികമായ പിരിമുറുക്കത്താലുളവാകുന്ന മാനസിക പ്രശ്നങ്ങളാലാണുണ്ടാകുന്നത്. രോഗകാരണങ്ങളെക്കുറിച്ചുള്ള അറിവും സൗഖ്യമാകാൻ കഴിയും എന്ന വിശ്വാസവും രോഗിയുടെ മനോഭാവത്തിൽ അനുകൂലമായ മറ്റൊരു വീക്ഷണം ഉണ്ടാക്കുമ്പോൾ, മനസ്സിന്റെയും ശരീരത്തിന്റെയും സംയുക്ത പ്രവർത്തന ഫലമായി യാതൊരൽഭുത ശക്തിയുടെയും സ്വാധീനമില്ലാതെ തന്നെ ചിലപ്പോൾ രോഗസൗഖ്യം ലഭിക്കാറുണ്ട്. മെസ്മര ശാസ്ത്രത്തിന്റെ അതേ തത്വ സമീപനങ്ങൾ ഉപയോഗിച്ചുകൊണ്ട് മനുഷ്യരുടെ മേൽ അധികാരം സ്ഥാപിച്ചെടുക്കാൻ കഴിയുന്നത് പരിശുദ്ധാത്മാവിന്റെ അൽഭുത പ്രവർത്തനങ്ങളാണെന്ന തെറ്റായ ധാരണയിൽ അലഞ്ഞു വലഞ്ഞ് ഓടിനടക്കുന്ന കൂട്ടരായിതീർന്നിരിക്കുന്നു ഇന്നത്തെ ക്രിസ്തീയ ലോകം.

### യേശു ക്രിസ്തുവും അത്ഭുത പ്രവർത്തികളും

അത്ഭുതം പ്രവർത്തിക്കാനായിട്ടല്ല യേശുക്രിസ്തു ഭൂമിയിൽ വന്നത്. അമാനുഷികമായ അത്ഭുത പ്രവർത്തികളുടെ കണ്ണിമുറിയാത്ത സംഭവപരമ്പരകളാൽ സകല മനുഷ്യരെയും അൽഭുതപരതന്ത്രരാക്കി തന്നിൽ വിശ്വാസമുള്ളവരായി മാറ്റുക എന്നതല്ല യേശുവിന്റെ ലക്ഷ്യമായിരുന്നത്. എന്നാൽ താൻ കരുണാർദ്രവാനാകയാൽ പ്രയാസത്തിൽ അകപ്പെട്ടവരെയും "രക്ഷിക്കണമേ" എന്ന അപേക്ഷയുമായി വന്ന രോഗികളോടുള്ളബന്ധത്തിലും അൽഭുതരോഗസൗഖ്യവും ഏതാനും അത്ഭുത പ്രവർത്തികളും മാത്രമേ കർത്താവു ചെയ്തുള്ളു എന്നാൽ :-

ആത്മാക്കളുടെ രക്ഷ, പാപികളെ മാനസാന്തരത്തിലേക്കു നയിക്കുക, അവർക്കു നിത്യജീവൻ നൽക്കുക ഈ വലിയ ലക്ഷ്യത്തിനു വേണ്ടി ദൈവരാജ്യത്തെപ്പറ്റി, ആത്മാവിന്റെ കാര്യം, സുവിശേഷം പ്രസംഗിക്കുക ഇതായിരുന്നു അവിടുന്നു ചെയ്തത്. യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ശിഷ്യന്മാർക്ക് നൽകിയ അന്ത്യകൽപന "ഭൂലോകം എങ്ങും പോയി സുവിശേഷം പ്രസംഗിക്കണം" എന്നാണ്.

### കടുകുമണി വിശ്വാസം ഇല്ലാത്തവർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ

"കടുകുമണിയോളം വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ ഈ മലയോടു നീങ്ങി കടലിൽ പോക എന്നു പറഞ്ഞാൽ അങ്ങനെ സംഭവിക്കും" എന്നു സത്യം ചെയ്തു കർത്താവു പറഞ്ഞു. എന്തുകൊണ്ട് ഇന്ന് രോഗികൾ സൗഖ്യമാകുന്നില്ല, ഭൂതങ്ങൾ വിട്ടുമാറുന്നില്ല, അൽഭുതം നടക്കുന്നില്ല? ഉത്തരം ലളിതമാണ്, കടുകുമണിയോളം വിശ്വാസം ഇല്ലാത്തവരാണ് അത്ഭുതം നടത്താൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അതിനാൽപിശാചു ചിരിക്കുന്നു. ദൈവനാമം ജാതികളുടെ ഇടയിൽ തുച്ഛീകരിക്കപ്പെടുന്നു. ഇത്തന്നും 'വരപ്രാപ്തൻമാർ' കാര്യമാക്കുന്നില്ല. അവർക്കു പേരെടുക്കണം പണവും ബഹുമാനവും നേടണം ഇതുമാത്രം ലക്ഷ്യം അതിന്, ജനങ്ങളെ തങ്ങളിലേക്കാർഷിക്കാൻ സംഗീതപരിപാടികളും മുഴുപേജ് പത്രപരസ്യങ്ങളും വലിയ പോസ്റ്ററുകളും ഇറക്കി വൻ പ്രചരണം നടത്തുന്നു ജനങ്ങൾ അവിടേക്ക് ഒഴുകുന്നു സുവിശേഷം പ്രസംഗിക്കുന്നില്ല ആത്മാവിന്റെ വീണ്ടെടുപ്പ്, നിത്യത, ക്രിസ്തുവിന്റെ വീണ്ടും വരവ് എന്നീ അതിപ്രധാന വിഷയങ്ങൾക്കു വിലകൽപ്പിക്കാതെ അത്ഭുത രോഗശാന്തി മാമാങ്കം സംഘടിപ്പിക്കുന്നതിലാണ് ഉപദേശി, പാസ്റ്റർ, അച്ചൻ, വേലക്കാർ സാദാ ക്രിസ്ത്യാനികൾ ഇവർക്കെല്ലാം ഇന്നു താൽപര്യം. സാത്താനും അതെ. ഈ മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടറില്ല മരുന്നില്ല; ക്രിസ്തുവില്ല സുവിശേഷവുമില്ല. അത്ഭുത രോഗശാന്തി കുരി


ശുയുദ്ധ ക്യാമ്പുകളിൽ വന്നു പെട്ടരോഗികളും സമീപത്തുള്ള വീടുകളിലെ രോഗികളും തൊട്ടടുത്ത ആശുപത്രികളിലെ രോഗികളും പഴയതുപോലെ തന്നെ രോഗാവസ്ഥയിൽ തുടരുന്നു. ആശുപത്രികളിലെ പരിശോധനാ മുറിയുടെ മുമ്പിലെ ക്യൂവിനു നീളം കൂടുന്നു. പിന്നെ എവിടെ ആർക്ക് സൗഖ്യം ലഭിച്ചു? യാതൊരത്ഭുതവും നടക്കുന്നില്ല എന്ന അത്ഭുതമാണ് ഈ അത്ഭുത ക്യാമ്പുകളിലെ Netresult മാത്രമോ --?

ക്ഷുദ്രപ്രയോഗം ഒഴിവാക്കാൻ സേവ, ഏലസ്ജപിച്ചു കെട്ടൽ എന്നീ ധീര കൃത്യങ്ങളാൽ രോഗശാന്തി വീരന്മാർ ഈ രംഗത്തു വിരാജിക്കുന്നുണ്ട്. പൂച്ച് പുറത്തുചാടുമ്പോൾ തല്ലുകൊണ്ട് ഓടിമറയുന്ന രോഗ വരപ്രാപ്തി പ്രസംഗകരെ പ്പറ്റിയുള്ള സംഭവങ്ങളും ജനങ്ങൾ സഹിക്കുന്നു, ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ ശിഷ്യന്മാരെ വിശ്വാസം, വിശുദ്ധ ജീവിതം, ഇവയിൽ കർത്താവിനെപ്പോലെ പൂർണ്ണ വിശുദ്ധരും ആത്മാവിൽ എരിഞ്ഞു ശോഭിച്ച തീജ്വാലകളുമായിരുന്നു. അതുകൊണ്ടാണ് അൽഭുതങ്ങൾ നടന്നത് ഇന്നോ?

## രോഗ കാരണം

രോഗം ചിലപ്പോൾ നമ്മുടെ ശുണീകരണത്തിനും ശുദ്ധീകരണത്തിനും വേണ്ടിയാകാം ചിലപ്പോൾ ദൈവ പ്രവർത്തി നമ്മിലൂടെ വെളിപ്പെടേണ്ടതിനാകാം.. രോഗം ഉണ്ടാകുന്നതിനു പിന്നിലെ ദൈവോദ്ദേശം നമുക്കജ്ഞാതമായിരിക്കും. എന്നാൽ ഭക്തനും അഭക്തനും സന്മാർഗ്ഗിയും ദുർമ്മാർഗ്ഗിയും ആത്മീയനും ആനാത്മീയനും വിശുദ്ധനും അശുദ്ധനും ആബാലവൃദ്ധം ജനങ്ങളും പലവിധരോഗത്താൽ വലയുന്നു; എന്തു കൊണ്ട് ?

പാപത്തിന്റെ ശിക്ഷയായുണ്ടായ ശാപത്തിന്റെ ഫലമായി മർത്യശരീരങ്ങൾ രോഗ ഗ്രസ്ഥമായിത്തീർന്നു. കൂടാതെ നാം ശ്വസിക്കുന്ന വായു, കുടിക്കുന്നജലം, കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ-ഭൂമണ്ഡലം, വായുമണ്ഡലം ജലാശയങ്ങൾ ഇവയാകെ മലിനീകരണത്താൽ വിഷമയമായിത്തീർന്നിരിക്കുന്നു. വൈദ്യശാസ്ത്ര പുരോഗതി കൊണ്ടോ ലോകത്താകെയുള്ള ആശുപത്രികൾകൊണ്ടോ രോഗവിമുക്തമാകാൻ തീരെ സാദ്ധ്യമല്ല ഭാവിതലമുറയാകട്ടെ ഭയാനകമാം വിധം പ്രതിവിധിയില്ലാത്ത മാരക രോഗങ്ങളാൽ സർവ്വനാശത്തിന്റെ പടുകുഴിയിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. എയ്ഡ്സ് ഒരു മുന്നറിയിപ്പുമാത്രം. എന്നാൽ: പ്രകൃത്യതീതമായ മഹാത്ഭുതത്താൽ രോഗ സൗഖ്യം നൽകാൻ ദൈവത്തിന് ഇന്നും കഴിയുന്നു തിരുഹിതമെങ്കിൽ എന്നാൽ--ഒന്നാം നൂറ്റാണ്ടിലെപ്പോലെ അത്ഭുതങ്ങളാലും അടയാളങ്ങളാലും വചനത്തെ ഉറപ്പിക്കുവാൻ ഇന്ന് ആവശ്യമില്ല. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ രക്ഷ, നീതീകരണം, നിത്യജീവൻ. വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും. ഇതാണ് ഈ കൃപായുഗത്തിലെ വ്യവസ്ഥ. "സുവിശേഷ- പ്രസംഗം എന്ന ഭോഷത്വത്താൽ" മനുഷ്യരെ രക്ഷിക്കാൻ ദൈവത്തിനു പ്രസാദമായി- അല്ലാതെ അത്ഭുതങ്ങളാലല്ല, എല്ലാവർക്കും രോഗ സൗഖ്യം നൽകി രക്ഷിക്കുക എന്നുമല്ല (1 കൊരിന്ത്യർ 1: 21)








# മെത്രാഭിഷേക രജതജൂബിലിയും 75–ാം ജന്മവാർഷികവും



അമേരിക്കൻ ഭദ്രാസന സിനിയൻ മെത്രാപ്പോലിത്തയും കനഡയു.കെ ഭദ്രാസന മെത്രാപ്പോലിത്താ യുംമായ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലിത്തായുടെ 75 -ാം ജനദിനവും മെത്രാഭിഷേക രജത ജൂബിലിയും വിവിധ പരിപാടികളേടെ ജന്മനാട യായ അയിരൂരിൽവച്ച് നടന്നു.

അയിരൂർ കൂറ്റികണ്ടാത്തിൽ ചാക്കോയുടെയും മറിയമ്മയുടെയും മകനായി 1926 മെയ് 26–ന് അദ്ദേഹം ജാതനായി. 19952–ൽ വൈദീക പട്ടം സ്വീകരിച്ചു. 1975 ഫെബ്രുവരി 16–ാം തിയതി മെല്പട്ടകാരൻ ആയി.

ജനിവ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എക്യുമെനിസത്തിൽ മാസ്റ്റർ ബിരുദവും അമേരിക്കയിലെ നാഷോട്ടാ ഹൗസിൽ നിന്ന് ക്രിസ്ത്യൻ മിഷനറി മാസ്റ്റേഴ്സ് ബിരുദവും വെർജേനിയ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് സഭാചരിത്രത്തിൽ മാസ്റ്റേഴ്സ് ബിരുദവും ഹാവാർഡ് യുണിവേഴ്സിറ്റിയിൽ നിന്ന് ഡോക്റ്ററേറ്റും നേടി.

1979–ൽ അമേരിക്കൻ ഭദ്രാസനം രൂപീകരിച്ചപ്പോൾ പ്രഥമ മെത്രാപ്പോലിത്തയായി അദ്ദേഹം നിയമിതനായി.

## വൈദീക മിറ്റിങ്

മുംബയ്: ബോംബെ ഭദ്രാസനത്തിലെ വൈദീക സംഘത്തിന്റെ മീറ്റിംഗ് 8–2 –2000 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ദാദർ സെന്റ് മേരീസ് പള്ളിയിൽ വച്ച് അഭിവന്ദ്യ ഗീവറുഗീസ് മാർ കുറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ. ഫാ. ഇ.പി. വറുഗീസ് ഇടവന ധ്യാന പ്രസംഗം നടത്തി. പൗരോഹിത്യ ശുശ്രൂഷയിൽ വിശ്വസ്തതയ്ക്കുള്ള സ്ഥാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട അച്ചൻ പറഞ്ഞു. ഉച്ചയ്ക്ക് ശേഷം കൂടിയ യോഗത്തിൽ പൗരോഹിത്യത്തിന്റെ 25–ാം വാർഷികം ആഘോഷിക്കുന്ന ദാദർ പള്ളി വികാരി ഫാ. കുറിയാക്കോസ് തണ്ണിക്കോട്ടിനെ അനുമോദിച്ചു. ഫാ. ജെയിംസ് പി.ജെ., ഫാ. സി. വി. കുറിയാക്കോസ്, ഫാ. തോമസ് മയാലിൽ എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. ഫാ. തണ്ണിക്കോട് മറുപടി പ്രസംഗം നടത്തി. ഭദ്രാസന വൈദീക സംഘം സെക്രട്ടറി റവ. ഫാ. എം.എസ്സ്. ജോയി സ്വാഗതവും റവ. ഫാ. കോശി പ്ലാമൂട്ടിൽ നന്ദിയും പറഞ്ഞു.

## യൂത്ത് ഹോസ്റ്റൽ

മുംബയ്: ബോംബെ ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ബോംബയിൽ 'സാക്കിനാക്കാ' എന്ന സ്ഥലത്തു കഴിഞ്ഞ രണ്ട് വർഷമായി ഒരു യൂത്ത് ഹോസ്റ്റൽ പ്രവർത്തിച്ച് വരുന്നു.

നാട്ടിൽ നിന്നും ജോലി തേടി വരുന്ന ചെറുപ്പക്കാർക്ക് താമസിച്ച് ജോലി കണ്ട് പിടിക്കാൻ ഈ ഹോസ്റ്റൽ വളരെ സഹായകരമാണ്. കഴിഞ്ഞ രണ്ട് വർഷമായി ഈ ഹോസ്റ്റൽ ഒരു വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഭദ്രാസന യൂത്ത് മൂവ്മെന്റിന്റെ പ്രത്യേക താല്പര്യ പ്രകാരം 5 ലക്ഷം രൂപാ നൽകി ഈ വാടക കെട്ടിടം ഇപ്പോൾ വിലയ്ക്ക് വാങ്ങി "Dr. Philipos Mar Theophihilus Memorial Youth Hostel" എന്ന പേരിൽ പ്രവർത്തിക്കുന്നു.

ഇവിടെ താമസ സൗകര്യം ആഗ്രഹിക്കുന്നവർ യുവജന പ്രസ്ഥാനം വൈസ്പ്രസിഡന്റ് ഫാ. എം.എസ്സ്. ജോയി (022–8103532) സെക്രട്ടറി ശ്രീ ജേക്കബ് ഉമ്മൻ (022–7820377) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

# സൺഡേസ്ക്കൂൾ വാർത്തകൾ

## (1) പുതിയ പാഠപ്പുസ്തകങ്ങൾ

ഒന്നാം ക്ലാസ്സിലെ പാഠപ്പുസ്തകം പരിഷ്ക്കരിച്ച് അദ്ധ്യാപക സഹായിയും കുട്ടികൾക്കുള്ള വർക്കു ബുക്കും വേറ്വേറെ പ്രസിദ്ധീകരിക്കുകയാണ്. അദ്ധ്യാപകരും രക്ഷകർത്താക്കളും പ്രസ്തുത പുസ്തകം ശരിയായി ഉപയോഗിച്ചാൽ കുട്ടികളുടെ പഠനം സുഗമമാകും. കുട്ടികളുടെ പുസ്തകത്തിൽ ചിത്രങ്ങൾ ധാരാളം നൽകിയിട്ടുണ്ട്. അദ്ധ്യാപക സഹായി തയ്യാറായിക്കഴിഞ്ഞു.

അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കുവേണ്ടി ഒരു ബാലപാഠ ക്ലാസ്സ് ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അവർക്ക് വേണ്ടിയുള്ള പ്രത്യേക പുസ്തകവും ഒന്നാം ക്ലാസ്സിലെ വർക്കുബുക്കും മാർച്ച് ആദ്യവാരത്തിൽ പ്രസിദ്ധപ്പെടുത്തും. കേന്ദ്രഓഫീസിൽ നിന്നും പുസ്തകങ്ങൾ ലഭ്യമാകുന്നതാണ്.

## (2) സൺഡേസ്ക്കൂൾ നൽകുന്ന മൂന്നു അവാർഡുകൾ

കുട്ടികളുടെ പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, അവരുടെ കഴിവുകളെ അംഗീകരിച്ച് അഭിനന്ദിക്കുന്നതിനുമായി അഖില മലങ്കരാടിസ്ഥാനത്തിൽ മൂന്നു അവാർഡുകൾ ഇപ്പോൾ നൽകുന്നുണ്ട്.

### സൺഡേസ്ക്കൂൾ പ്രതിഭ

സോണൽ മത്സരങ്ങളിൽ സീനിയേഴ്സിന്റെ പ്രസംഗവിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്നവരെ കേന്ദ്രത്തിൽ ക്ഷണിച്ചു വരുത്തി പ്രസംഗമത്സരം നടത്തി ഒന്നാം സ്ഥാനം നേടുന്ന ആൾക്ക് 'സൺഡേസ്ക്കൂൾ പ്രതിഭ' എന്ന സ്ഥാനം ലഭിക്കുന്നു. ഈ വർഷം ഈ സ്ഥാനം ലഭിച്ചത് അനീഷ് പി. ചാക്കോ, സെന്റ് മേരീസ് ആർത്താറ്റ്, കുന്നംകുളം

### സൺഡേസ്ക്കൂൾ വിജ്ഞാനി:

സോണൽ മത്സരത്തിൽ പൊതു വിജ്ഞാനത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് കേന്ദ്രത്തിൽ ഒരു പരീക്ഷ നൽകി അതിൽ ഒന്നാം സ്ഥാനം നേടുന്ന ആൾ "സൺഡേസ്ക്കൂൾ വിജ്ഞാനി"യാകും ഈ വർഷം ഈ സ്ഥാനം നേടിയത് ബിന്ദു പി.റ്റി. ഗ്രീഗോറിയോസ് സൺഡേസ്ക്കൂൾ, മാലങ്കര (മലബാർ)

### സൺഡേസ്ക്കൂൾ പ്രവീൺ :

പതിനൊന്നും പന്ത്രണ്ടും ക്ലാസ്സികളിലെ വിദ്യാർത്ഥികളിൽ പൊതു വിജ്ഞാനത്തിന് കേന്ദ്ര മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന ആൾ. ഈ വർഷം ആൻസി സാറാ ഫിലിപ്പ്, സെന്റ് ഇഗ്നാത്തിയോസ്, ചെങ്ങന്നൂർ ഇവർക്ക് പ്രത്യേക ഫലകവും പാരിതോഷികങ്ങളും സൺഡേസ്ക്കൂൾ പൊതു വാർഷിക സമ്മേളനത്തിൽ വച്ച് നൽകും. ഇവരെ അനുമോദിക്കുന്നു.

### 1999-ലെ പരീക്ഷാഫലം:

മുൻ വർഷത്തെക്കാൾ കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. (ക്ലാസ്സ് 10) പരീക്ഷയ്ക്ക് ചേരുകയുണ്ടായി. കേരളത്തിൽ ആകെ 2295 വിദ്യാർത്ഥികൾ ചേർന്നതിൽ 1749 പേർ ജയിച്ചു. വിജയം 76 ശതമാനം. പന്ത്രണ്ടാം ക്ലാസ്സിൽ ആകെ 209 പേർ ചേർന്നു, 161 പേർ ജയിച്ചു. വിജയ ശതമാനം 77 പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനം കരസ്ഥമക്കിയ ആൾ ഒരു കോൺവെന്റിലെ സിസ്റ്റർ ആണ് എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്.

കൂടുതൽ പേർ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുമെങ്കിലും പരീക്ഷ എഴുതാതെ പിൻവാങ്ങുന്നവർ അനേകരാണ്. സെക്കുലർ സ്ക്കൂളിലെ പഠനത്തിരക്കെന്നും മറ്റും ഉപശാന്തി പറയുമെങ്കിലും സൺഡേസ്ക്കൂൾ കാര്യത്തിലെ തീക്ഷ്ണത കുറവെന്നേ കാരണം പറയാൻ കഴിയൂ.മാതാപിതാക്കളുടെ പ്രോത്സാഹനക്കുറവ് മറ്റൊരു കാരണമാണ്. മുമ്പുള്ള ചില വർഷങ്ങളിൽ എസ്.എസ്.എൽ.സി. ക്ക് ഉയർന്ന ഗ്രേഡിൽ പാസ്സായ പലകുട്ടികളും സൺഡേസ്ക്കൂൾ പരീക്ഷയിലും പ്രശസ്തമായി ജയിച്ചിട്ടുണ്ട്.

### 2000-മാണ്ടിലെ ജീവകാരുണ്യ ദിന സ്തോത്രകാഴ്ച്ച

കേന്ദ്രനിർദ്ദേശ പ്രകാരം എല്ലാ സൺഡേസ്ക്കൂളുകളും ജനുവരി 16 -ാം തീയതി ഞായറാഴ്ച ജീവകാരുണ്യ ദിനമായി ആചരിച്ച് ഉത്സാഹപൂർവ്വം സ്തോത്രകാഴ്ച എടുക്കുകയുണ്ടായി. ഒറീസ്സായിലെ പ്രളയ ദുരിതത്തിൽപ്പെട്ട ഒരുഗ്രാമം പുനരധിവാസയോഗ്യമാക്കിക്കൊടുക്കുന്ന മഹത്തായ സേവനത്തിൽ സൺഡേസ്ക്കൂളിന്റെ വകയായി 40000 രൂപാ വീതം ചെലവുള്ള അഞ്ചു ഭവനങ്ങൾ പണിതുകൊടുക്കുന്നതിന് രണ്ടു ലക്ഷം രുപായാണു പ്രതീക്ഷിക്കുന്നത്. ലഭിച്ചു കൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ അനുസരിച്ച് ആ തുക കവിയാൻ സാധ്യതയുണ്ട്. എത്രയും വേഗം പിരിവു തുക ഇൻസ്പെക്ടേഴ്സ് മുഖാന്തരം കേന്ദ്രത്തിൽ എത്തിക്കുവാൻ ബന്ധപ്പെട്ട ഏവരും ശ്രദ്ധിക്കണം.

സ്നേഹാശംസകളോടെ
ജോഷ്വാ അച്ചൻ
ഡയറക്ടർ ജനറൽ



കഷ്ടനഷ്ടങ്ങളും ഉപദ്രവങ്ങളും, നിന്ദയും, നിരാശയും, മറ്റുള്ളവരാൽ ഉപേക്ഷിക്കപ്പെടുകയും, ശത്രുവിനാൽ കഠിനമായി പിഢിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അത്ഭുതകരമായി അതുല്യവിജയവും, ഉയർച്ചയും, സമാധാനവും, പ്രാർത്ഥനാ ശക്തിയും തന്നു സഹായിച്ചു. നന്ദി.










T.V. Varghese, Rtd Deputy Director (Edn). Thrissur
T.G. Geevarghis, Gregory, Maria, Leny.

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000*

**THE MALANKARA SABHA**

CATHOLICATE OFFICE, KOTTAYAM-686 038

## മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



**അന്നമ്മ**

**തിരുവനന്തപുരം**

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-